


1871

1841 1846-7.

255.7314
HO

# സ്ഥാപക
# പിതാക്കന്മാർ

# സ്ഥാപക പിതാക്കന്മാർ

പാലയ്ക്കൽ തോമ്മാമല്പാനച്ചൻ

പോരൂക്കര തോമ്മാമല്പാനച്ചൻ

പാവറ കരിയാക്കോസ് ഏലിയാസച്ചൻ

ACHARYA PALACKAL JEEVASS KENDRAM
LIBRARY
18031
ALWAYE

m/ 255.731 4
THO

**STHAPAKA PITHAKKANMAR**
(Malayalam)

First Published in 1905
Printed at the St. Joseph's Press
Mannanam

Republished by
The CMI General Secretariate
for the media of Communications
Prior General's House
Cochin - 682 011

March 1989

Printed at : K. C. M. Press
Karikamuri, Cochin.

## ആമുഖം

സി. എം. ഐ. സഭയുടെ സ്ഥാപക പിതാക്കന്മാരുടെ ഏററം ആധികാരിക ലഘു ചരിത്രങ്ങളാണ് ഈ ചെറു കൃതി. പാലയ്ക്കൽ തോമ്മാച്ചന്റെ ചരിത്രം ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തന്നെ എഴുതിയതാണ്. പോരൂക്കരയച്ചന്റേയും ചാവറയച്ചന്റേയും ചരിത്രങ്ങൾ രണ്ടാമത്തെ പ്രിയോരായ പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചന്റെ രചനകളാണ്.

സഭയുടെ സുവർണ്ണ ജൂബിലി സ്മാരകമായി 1905-ൽ മാന്നാനം അച്ചുക്കൂടത്തിൽനിന്നും ഔദ്യോഗികാംഗീകാരത്തോടെ പ്രസിദ്ധീകരിച്ച ഈ ലഘു കൃതി ഇന്ന് ലഭ്യമല്ല. അതുകൊണ്ട് സമ്പർക്ക മാധ്യമ വകുപ്പ് അത് പുന:പ്രസിദ്ധീകരിക്കയാണ്. പഴയ ചില അക്ഷരങ്ങളും വാക്കുകളും കാലത്തിനൊത്തവിധം തിരുത്തിയിട്ടുണ്ട് എന്നു മാത്രം.

സ്ഥാപക പിതാക്കന്മാരുടെ ആദിദർശനവും ചൈതന്യവും കണ്ടെത്താൻ ഈ കൃതി സഹായകമായിരിക്കും.

എറണാകുളം<br>
19 - 3 - 1989

ഫാ. ജെ. എസ്. തേക്കുങ്കൽ, CMI<br>
സമ്പർക്ക മാധ്യമ സെക്രട്ടറി.

ഈ. മ. യൗ.

മലയാളത്തിലെ ക. നി. മൂ. സഭയുടെ

# സ്ഥാപക പിതാക്കന്മാർ

പ്രസ്തുത സഭയുടെ

## സ്വർണ്ണ ജൂബിലി സ്മാരകം

PRINTED AT THE ST. JOSEPH'S PRESS

MANNANAM.

1905

✠

ഈ. മ. യൗ.

മലയാളത്തിലെ ക. നി. മൂ. സഭയുടെ

**സ്ഥാപക പിതാക്കന്മാർ**

പ്രസ്തുത സഭയുടെ

# സ്വർണ്ണ ജൂബിലി സ്മാരകം

**വൈദിക ശ്രേഷ്ഠാനുമതിയോടെ**

**മാന്നാനത്ത്**

വി. യൗസേപ്പ പിതാവിൻെറ അച്ചുകൂടത്തിൽ

അച്ചടിക്കപ്പെട്ടത്.

1905

# അനുവാദപത്രം

ന. സഭയുടെ ആദ്യ പിതാക്കളായ മൂന്നുപേരുടെ ചരിത്രം ചട്ടംപോലെ രണ്ടച്ചൻമാരു പരിശോധിച്ച സാക്ഷിച്ചിരിക്കയാൽ പ്രസിദ്ധപ്പെടുത്തുന്നതിനു അനുവദിക്കുന്നു.

എന്നു

ക. നി. മൂ സ. പ്രിയോർ ജനറാൾ

ആ. അലക്സാന്തർ യൌസേപ്പു പട്ടക്കാരൻ.

(ഒപ്പ്)

തേവര കൊ.
1095 വൃശ്ചികം 11-ാം നു-

NIHIL OBSTAT

IMPRIMATUR.

✠ Matheus Makil,

Ep. Trallensis et Vic. Ap.

Changanacheriensis

*22 Nov. 1905*
*Changanacherry.*

ACHARYA PALACKAL JEEVASS KENDRAM
LIBRARY
18031
ALWAYE

# മുഖവുര

മലയാളത്തിലെ ക. നി. മൂ. സഭയുടെ സ്ഥാപക പിതാക്കന്മാരായ പെ. ബ. പാലയ്ക്കൽ തോമ്മാമല്പാനച്ചൻ, പെ. ബ പോരൂക്കര തോമ്മാമല്പാനച്ചൻ, പെ. ബ. ചാവറ കുറിയാക്കോസ് ഏലിയാ പ്രിയോരച്ചൻ എന്നിവരുടെ ജീവചരിത്രങ്ങൾ ഈ കൊവേന്ത റിക്കാർട്ടിൽ നിന്നെടുത്തു ഈ ചെറിയ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. പെ. ബ. പാലയ്ക്കൽ തോമ്മാമല്പാനച്ചന്റെ ചരിത്രം അവിടുത്തെ ശിഷ്യനായ പെ. ബ. ചാവറ കുറിയാക്കോസച്ചനും, പെ. ബ. പോരൂക്കര തോമ്മാമല്പാനച്ചന്റെയും, പെ. ബ. ചാവറ കുറിയാക്കോസ് ഏലിയാ പ്രിയോരച്ചന്റെയും ചരിത്രങ്ങൾ, മാന്നാനം മുതലായ കൊവേന്തകളുടെ രണ്ടാം പ്രിയോരായ പെ. ബ. പോരൂക്കര കുറിയാക്കോസ് ഏലീശാ അച്ചനും സ്വന്ത കൈപ്പടകളിൽ എഴുതിവെച്ചിട്ടുള്ളതാണ്. ഈ ചരിത്രങ്ങളെ ക. നി. മൂ. സഭയുടെ സ്വർണ്ണജൂബിലി ആഘോഷിക്കപ്പെടുന്ന ഈ ആണ്ടിൽ മൂലപ്രതികളിൽനിന്നു പകർത്തി ദൈവസ്തുതിയ്ക്കും ടി. പിതാക്കന്മാരുടെ ഓർമ്മയ്ക്കുമായി ഒരു ചെറിയ പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുന്നതു യുക്തമെന്നു ഞങ്ങൾക്കു തോന്നി. എന്തെന്നാൽ ദൈവത്തിന്റെ പ്രത്യേക കൃപയാൽ മലയാളത്തിൽ ഈ സഭ സ്ഥാപിക്കപ്പെട്ടു എന്നു് ഈ ജീവചരിത്രങ്ങളിൽനിന്നു സ്പഷ്ടമായി കാണാവുന്നതാകയാൽ ഈ ജൂബിലി അവസരത്തിൽ ദൈവത്തിനു് പ്രത്യേകമായി ഉപകാരസ്മരണ ചെയ്യുന്നതിനു് ഈ ചരിത്രം നമ്മെ ഉത്സാഹിപ്പിക്കും.

മലയാള ഭാഷ ദിവസേന പരിഷ്കരിക്കപ്പെട്ടുവരുന്ന ഈ കാലത്തു, ന. പിതാക്കന്മാർ പഴയ കാലങ്ങളിൽ എഴുതി ഇട്ടിരിക്കുന്ന ഈ ചരിത്രങ്ങൾ ഭാഷയിൽ പല ന്യൂനതയുള്ളവയായി വല്ലവർക്കും തോന്നിയേക്കാം. എന്നാൽ പൂർവ്വത്തിന്മേലുള്ള വണക്കം നിമിത്തവും, വിശ്രുത ദൈവശുശ്രൂഷ

കളായ ടി. പിതാക്കന്മാരുടെ വ്യക്തമായ പരമാൎത്ഥ വാക്യങ്ങളിൽ ഒരുവിധ ആത്മീയ മഹത്വം പ്രകാശിക്കയാലും, അവയിൽ ഞങ്ങൾ യാതൊരു ഭേദഗതിയും ചെയ്യാതെ പ്രസിദ്ധപ്പെടുത്തുക അത്രെ ചെയ്തിട്ടുള്ളതു്. ഈ ചുരുങ്ങിയ ചരിത്രം പുണ്യജീവിതത്തിനു നമ്മെ ഉത്സാഹിപ്പിക്കുന്നതു കൂടാതെ, മലയാളത്തിലെ പള്ളിച്ചരിത്ര വിഷയത്തിൽ നമുക്കു് ഒരു ദീപമായി ശോഭിക്കയും ചെയ്യും എന്നു് വിശ്വസിക്കുന്നു.

മാന്നാനം കൊവേന്തയുടെ പ്രിയോർ,

ക.നി.മൂ.സ. ആ. അലെക്സാന്തർ യൗസേപ്പുപട്ട: (ഒപ്പ്)

മാന്നാനം, 1905 വൃശ്ചികം 14.<br>
ക. നി. പുണ്യവാള. തിനാൾ.

മലയാളത്തിൽ ക. നി. മൂ. സഭയുടെ
അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തു
പള്ളി ഇടവകക്കാരൻ
പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചന്റെ

## ചരിത്രം

(പെ. ബ. ചാവറ പ്രിയോരച്ചനാൽ എഴുതപ്പെട്ടതു.)

പെ. ബ. തോമ്മാച്ചന്റെ ജന്മഭവനം തെക്കൻപള്ളിപ്പുറം എന്ന ദിക്കിൽ, പള്ളിയുടെ കിഴക്കോട്ടുള്ള അഞ്ചാടിയിൽ വടക്കെ ഭാഗത്തിൽ പാലയ്ക്കൽ എന്ന തറവാട്ട് ആകുന്നു. ഈ ദേഹത്തിന്റെ മുത്തപ്പൻ ഗീവർഗീസു പട്ടക്കാരനും ഇളയപ്പൻ മാത്തുകത്തനാരും ഇങ്ങനെ രണ്ടു പേരുണ്ടായിരുന്നു. ഇവരിൽ മാത്തു കത്തനാരച്ചന്റെ ജ്യേഷ്ഠൻ ആണ് ഈ ദേഹത്തിന്റെ പിതാവ്. അമ്മ കല്ലൂർക്കാട്ട പള്ളി ഇടവകയിൽ പുത്തൻപുരയ്ക്കൽ എന്നു പേരുള്ള പള്ളിയുടെ തെക്കെ അഞ്ചാടിയിൽ ഉള്ള വീട്ടിൽ ജനിച്ചവളാണ്. ഈദേഹത്തിന്റെ കാരണവർ ഒരു പ്രകാരം ദ്രവ്യവും മാനവുമുള്ളവരത്രെ. ആ ഇടവകയിൽ, ഈ ദേഹത്തിന്റെ ചെറുപ്പത്തിൽ മലയാം കണക്കിൽ 965-ാമാണ്ടിൽ വസൂരിയും പഞ്ഞവും അധികമായി ഉണ്ടായി. ഇതിനാൽ കാരണവന്മാരിൽ പ്രാപ്തി ഉള്ളവർ മരിക്കയാലും മററു ചില ആപത്തുകളാലും ഈ ദ്രവ്യങ്ങൾക്കു അധിക നഷ്ടം വന്നതിനാൽ വലിയ ഞെരുക്കമായിരുന്നു. ഈ വസന്തയിൽ അപ്പൻ മരിച്ചുപോയി. ഈ ദേഹത്തിന്റെ ജ്യേഷ്ഠൻ സാമർത്ഥ്യമില്ലാത്ത ഒരുത്തനും ചെറുപ്പക്കാരനും ആയിരുന്നു. ഈ ദേഹത്തിന്റെ അമ്മ തന്റെ രണ്ടു പെൺമക്കളെയും രണ്ട് ആൺമക്കളെയും വലിയ ബുദ്ധിമുട്ടോടുകൂടി വളർത്തിക്കൊണ്ടുവന്നു. എന്നാൽ അമ്മ അക്കാലങ്ങളിൽ ഉള്ള ഭക്തിക്കാരത്തികളിൽ അധിക ഭക്തിയുള്ളവളായിരുന്നു. ആയതിനാൽ അവളുടെ അനുജത്തിയുടെ സഹായത്താലും വലിയ ബുദ്ധിമുട്ടോടുകൂടെയും ജീവിച്ചുവന്നു.

അക്കാലത്തിൽ മേല്പറഞ്ഞപോലെ പഞ്ഞവും വസന്തയും ഉണ്ടാകയാലും വടക്കെ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന മഹമ്മദു രാജാവിന്റെ പട വന്ന് പള്ളികളും പട്ടണങ്ങളും നശിപ്പിക്കയാലും കാണുന്നവരെ പിടിച്ച് അവന്റെ വേദത്തിൽ ഉൾപ്പെടുത്തുവാൻ ബലം ചെയ്കയാലും ഏററിയ ജനങ്ങൾ ആ ദിക്കുകളിൽ നിന്നു് ഓടിവരികയും അതോടുകൂടി

കുതൃതോട്ടിൽ, തച്ചിൽ മാത്തു തരകൻ എന്ന ആളും അയാളുടെ അനുജൻ അവുറാഹം മല്പാനച്ചനും ആ ദേഹത്തോടുകൂടി പഠിച്ചിരുന്ന ശമ്മാശ്ശൻമാരും വന്നു പള്ളിപ്പുറത്തു പാർക്കുകയും അവിടെ മല്പാനച്ചൻ അവരെ പഠിപ്പിക്കയും ചെയ്തിരുന്നു.

അപ്പോൾ ഈയാളിൻെറ ആഗ്രഹത്താലും അപേക്ഷയാലും പഠിപ്പാൻ തുടങ്ങുകയും അക്കാലത്തിൻെറ മുറപ്രകാരം വീട്ടിൽ അമ്മ കൊടുക്കുന്ന യാവനയും അനുഭവിച്ചുകൊണ്ടു ശേഷം പേരോടുകൂടി പോയി പഠിക്കയും ചെയ്തു. ഇങ്ങനെ ദൈവസഹായത്താൽ പഠിതവും കഴിച്ചു പട്ടമേൽക്കുകയും ചെയ്തു.

അനന്തരം 1808-ാം കാലം പള്ളിപ്പുറത്തു ഇടവകക്കാരനായ മംഗലത്തു ചാണ്ടി എന്ന ഒരു വാലിഭക്കാരനെ പഠിപ്പിക്കണമെന്നു് അയാളുടെ വല്യപ്പൻ ടി. പള്ളിയുടെ വികാരിയച്ചൻ പറകയാലും ആദേഹം ചാർച്ചക്കാരനാകയാലും, ഈ ഇടയിൽ തന്നെ കുറെ ഉപദ്രവിച്ചു സങ്കടപ്പെടുത്തിയതുകൊണ്ടു് "ഉപദ്രവിച്ചവനു ഉപകാരം ചെയ്യണം, ദ്വേഷിച്ചവനെ സ്നേഹിക്കണം" എന്നു ദിവ്യ രക്ഷിതാവു അരുളിച്ചെയ്തിരിക്കയാലും ആ വേല ചെയ്യുന്നതിനു സമ്മതിച്ചു് ഈയാളിനെ സുറിയാനി പഠിപ്പിക്കാൻ തുടങ്ങി.

അക്കാലത്തിൽ വടയാററു പള്ളിയിൽ പാറേമ്മാക്കൽ മാത്തൻ മല്പാൻ പഠിപ്പിച്ചു വന്നിരുന്നു. ആ ദേഹത്തോടുകൂടെ വൈക്കത്തു പള്ളി ഇടവകക്കാരൻ പഴെകടവിൽ യൗസേപ്പും, കടുത്തുരുത്തി പള്ളി ഇടവകക്കാരൻ മുട്ടത്തിൽ കുര്യനും, എരണഞ്ഞൽ കുരുവിളയും, മുട്ടചിറപ്പള്ളി ഇടവകക്കാരൻ പറമ്പിൽ പൌലോസും ഇങ്ങനെ നാലു വാലിഭക്കാരും പഠിച്ചിരുന്നു. ആ സമയം തലയോലപ്പറമ്പിൽ കുരിശു പള്ളി വയ്ക്കുന്നതിനു മലപ്പുറത്തു ഇട്ടൻ കത്തനാരച്ചൻ തുടങ്ങി. അപ്പോൾ വടയാററു മല്പാനച്ചൻ ആ സ്ഥലം ആ ദേഹത്തിൻെറ ഇടവകയ്ക്കു ചേരേണ്ടതാണെന്നും ആ ദേഹത്തിനു പള്ളി വയ്പ്പിക്കണമെന്നും വാദിച്ചു, സർക്കാരിൽ അന്യായപ്പെട്ടു. ഈ വഴക്കു മൂഖാന്തിരത്താൽ ഇട്ടൻ കത്തനാരച്ചൻ പെ. ബ. പ്രോസ്പരു മൂപ്പൻ പാദ്രി അച്ചനെ ബോധിപ്പിച്ചു, നമ്മുടെ ത്രുപതയിൽ ഉള്ളവരു നമ്മുടെ ത്രുപതയിൽ പഠിച്ചല്ലാതെ പട്ടം കൊടുക്കയില്ലെന്നും ആയതുകൊണ്ടു് ഈ നാലു വാലിഭക്കാരു് വടയാററു നിന്നും മാറി പള്ളിപ്പുറത്തു പാലയ്ക്കൽ തോമ്മാ കത്തനാരോടുകൂടെ പോയി പാത്തു പഠിച്ചുകൊള്ളണമെന്നും, അവരെ പഠിപ്പിച്ചു കൊള്ളണമെന്നും ഒരു കല്പന വാങ്ങിച്ചു മേല്പറഞ്ഞ ഇട്ടൻ കത്തനാരച്ചൻ ഈ നാലു പേരെയും കൊണ്ടുവന്നു പള്ളിപ്പുറത്തു ആക്കുകയും ചെയ്തു.

മേല്പടി ആണ്ടിൽത്തന്നെ എൻെറ പതിന്നൊന്നു വയസ്സിൽ പഠിക്കണമെന്നു മനസ്സു എനിക്കുണ്ടായതിനാലും, കാരണവന്മാരായ അപ്പനും അമ്മയ്ക്കും ആദ്യം മനസ്സില്ലാഞ്ഞു എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവർഗീസു കത്തനാരച്ചൻെറ അപ്പനും എൻെറ ഇളയപ്പനും മനസ്സാകയാലും ഒടുവിൽ കാരണവന്മാരും സമ്മതിക്കയും മുൻപറഞ്ഞിരിക്കുന്ന ഈ ദേഹത്തിൻെറ ഇളയമ്മാവനായ മകൻെറ വചനത്താലും എന്നെ ചേർക്കുകയും ചെയ്തു. അതിൻെറ ശേഷം വരാപ്പുഴ സെമിനാരിയിൽ അന്നു മല്പാനായി പഠിപ്പിച്ചിരുന്ന ഞാറയ്ക്കൽ പള്ളി ഇടവകക്കാരൻ മാളിയേയ്ക്കൽ ചെറിയാൻ മാത്തു കത്തനാരച്ചനോടുകൂടെ പഠിച്ചിരുന്ന കോയിൽമുക്കു പള്ളി ഇടവകക്കാരൻ ഉരാന്മേൽ ചാണ്ടപ്പിള്ള ശമ്മാശ്ശനുംകൂടി. പിന്നീടു കുറവിലങ്ങാടു പള്ളി ഇടവകക്കാരൻ നാൽപതു വയസ്സു പ്രായം ചെന്ന പീലിപ്പോസു എന്നൊരാൾ തപസിയായി കടുത്തുരുത്തി പള്ളിയിൽ പാർത്തു പുണ്യഭാഷയായി നടന്നുവന്നു. ഇയാൾക്കു പട്ടമേൽക്കണമെന്നുണ്ടായിരുന്നാൽ ഞാൻ ചെലവിനു കൊടുത്തുകൊള്ളാമെന്നു ആ ഇടവകക്കാരൻ നിലപ്പന കുഞ്ഞുവറീതു മാപ്പിള പറഞ്ഞയക്കയും ഇപ്രകാരം ഇരുവരുംകൂടി പള്ളിപ്പുറത്തുവന്നു് ഈ ദേഹത്തിനോടു അപേക്ഷിക്കയും ചെയ്തു. കിഴവനാകയാൽ ഈ പഠിക്കുന്നവർക്കു സൽഗുണദോഷം പറവാനും, കാട്ടുവാനും നന്നാകുന്നു എന്നു നിരൂപിച്ച് അപ്രകാരം അയാളെയുംകൂട്ടി. ഈ വണ്ണം മററു ഇടവകകളിൽ നിന്നും സെമിനാരികളിൽ നിന്നും ഓരോരുത്തർ വന്നുകൂടുകയും ചെയ്തു. ഇങ്ങനെ ഇരിക്കയിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന എത്രയും പെരിയ ബഹുമാനപ്പെട്ട റയിമുന്തു് സൂരിയ എന്ന മെത്രാനച്ചൻ കാലംചെയ്കതിനാൽ ബൊംബേ, മുഗൾ, മുകിൻ എന്ന ദിക്കുകൾക്കു വികാരി അപ്പസ്തോലിക്കായും ക്ഷവസുഖത്തിലും പുണ്യത്തിലും കീൎത്തിയിലും വിളിക്കപ്പെട്ടവനുമായ എത്രയും പെരിയ ബഹുമാനപ്പെട്ട പത്രോസ് ദെൽക്കാന്തര എന്ന മെത്രാനച്ചൻ ഇവിടത്തെ അടിയന്തിരം പോക്കുവാനായിട്ടു വരാപ്പുഴെ വന്നിരിക്കയിൽ ആ ദേഹത്തോടു് അപേക്ഷിച്ചു മേലെഴുതിയ നാലു വാലിഭക്കാർക്കും പീലിപ്പോസിനും പട്ടം കൊടുത്തു. അതുവരെയും ഉണ്ടായിരുന്ന സുറിയാനിക്കാരുടെ ക്രമത്തിനു തക്കതിൻവണ്ണം, അതായതു അവർക്കു പട്ടം കൊടുക്കുമ്പോൾ ഒന്നുകിൽ ആസ്തപ്പാടും നാലു പട്ടവുംകൂടി ഒരുമിച്ചു് ഒരു ദിവസത്തിൽ, അല്ലെങ്കിൽ ഒരിക്കൽ ആസ്തപ്പാടും പിന്നെ നാലു പട്ടവും ഇങ്ങനെ കൊടുക്കുന്നതല്ലാതെ ചെറിയ പട്ടങ്ങൾ 1, 2, 3, 4 ഇങ്ങനെ വേർതിരിച്ചു കൊടുക്കുമാറില്ല. ഇങ്ങനെ ശമ്മാശ്ശ

ന്മാരായതിന്റെ ശേഷം മററുള്ള സെമിനാരികളിൽ ശമ്മാശ്ശുന്മാർക്കു പുത്തൻകുർബ്ബാന ചൊല്ലുംവരെയും തനിച്ചു ളോവ ഉണ്ടാക്കുക ചട്ടമില്ലായിരുന്നു. എന്നാൽ പെരുന്നാറം അടിയന്തിരം, ചാവു, പുല മുതലായ സംഗതികറംക്കു ദൽമത്തി, കാപ്പ മുതലായതു ഉടുക്കേണ്ടി വരുമ്പോറം ആ പള്ളിയിലുള്ള മററു പട്ടക്കാർക്കു കുർബ്ബാന ചൊല്ലുവാനുള്ള അടിയന്തിരത്തിനുമാത്രം ഉണ്ടാക്കിയിരിക്കുന്ന ളോവകളെ വാങ്ങിച്ച് ഉടുത്തും കൊണ്ടു മേലെഴുതിയ ചിററാഴ്മകറം നടത്തി വന്നിരുന്നു. എന്നാൽ ഈ ദേഹം വരാപ്പുഴെ സെമിനാരിയിൽ മേല്പറഞ്ഞ ചെറിയാൻ മാത്തു മല്പാനച്ചനെ പറഞ്ഞു സമ്മതിപ്പിച്ചതിനാൽ ആ ദേഹവും പഠിക്കുന്ന ശമ്മാശ്ശുന്മാരും വെളുത്ത നിറത്തിലുള്ള ളോവ ഉണ്ടാക്കിച്ചു ധരിച്ചു വന്നിരുന്നു. ഈ സംഗതി ഈ ദേഹത്തിന്റെ നാവാലെതന്നെ പറഞ്ഞു ഞാൻ കേട്ടതാണ്. എങ്ങിനെയെന്നാൽ, വരാപ്പുഴ സെമിനാരിയിൽ ലത്തീൻകാർ കറുത്ത നിറത്തിലുള്ള ളോവ ഉടുത്തുകൊണ്ടും, സുറിയാനിക്കാർ അവരുടെ പൂർവ്വന്മാരെപ്പോലെ അധികം വീതിയായിട്ടുള്ള കാൽക്കുപ്പായവും, മുട്ടുകഴിഞ്ഞു ഏകദേശം എട്ടു വിരൽ നീളവും, കൈകറം, കാൽകുപ്പായത്തിന്റെ വീതിപോലെ അധികം വീതിയും മണിക്കെട്ടുവരെ നീളവും കഴുത്താരം എട്ടു വിരൽ വീതിയിൽ പുറകോട്ടു മടക്കിയിട്ടും ഉള്ള ഒരു കമ്മീസുമിട്ടു വയറുവരെ നീളമുള്ള ഒരു കൊന്തയുമിട്ടു തോളിൽ നല്പതിൽ ഒരു നാടൻമുണ്ടുമായി അത്രെ ശമ്മാശ്ശുന്മാരും പട്ടക്കാരും എപ്പോഴും എല്ലായിടത്തും നടക്കുന്നതു. അപ്രകാരംതന്നെ മേല്പട്ടക്കാരുടെ മുമ്പിലും പോയിരുന്നു. ഇങ്ങനെ ഇരിക്കയിൽ ഒരു മൂപ്പച്ചൻ യൂറോപ്പിൽനിന്നും പുത്തനായിട്ടു വരാപ്പുഴെ വന്നിറങ്ങിയപ്പോറം ലത്തീൻകാരും സുറിയാനിക്കാരുംകൂടി വരാപ്പുഴെ കടവിൽ ചെന്നു. അദ്ദേഹം കരയ്ക്കിറങ്ങിയ ഉടൻ ലത്തീൻകാരെ കണ്ടു പട്ടക്കാർ എന്നറിഞ്ഞു തക്ക ആചാരം ചെയ്തു. സുറിയാനിക്കാരെ കണ്ടാറെ അൽമേനികറം എന്നു വിചാരിച്ചു യാതൊരു ബഹുമാനവും ചെയ്തില്ലാ. ഇതിന്റെ ശേഷം (ഈ ദേഹം) പെ. ബ. തോമ്മാ മല്പാനച്ചൻ മേലെഴുതിയ മാത്തു മല്പാനച്ചനോടു ഗുണദോഷമായി പറഞ്ഞതായതു: ഈ വണ്ണം നടക്കുന്നതു പട്ടക്കാർക്കു ഒട്ടുംതന്നെ മുറയില്ലായ്കയാലല്ലേ ഇദ്ദേഹം നമ്മെ അറിയാഞ്ഞതും ബഹുമാനിക്കാഞ്ഞതും. ആയതുകൊണ്ട് ഇനിയെങ്കിലും ളോവ ഉടുത്തു നടക്കണം, ആയതിനു അച്ചൻ ഒരു മനസ്സുവച്ചാൽ ഞാൻ ഉത്സാഹിച്ചു നടത്തിക്കൊള്ളാം എന്നു പറഞ്ഞപ്പോറം ഇവരെപ്പോലെ കറുപ്പു ഉടുത്തു നടക്കാൻ കഴികയില്ലെന്നു പറഞ്ഞു.

എന്നാൽ കറുപ്പു വേണ്ടാ വെള്ള ആകട്ടെ എന്നു പറഞ്ഞു സമ്മതിപ്പിച്ച് ഈ ദേഹവും പിച്ചി പൌലോസു കത്തനാരച്ചനുംകൂടി കൊച്ചിയിൽ പോയി ഏതാനും വെള്ളക്കച്ച വാങ്ങിച്ചു മല്പാനച്ചനും ശമ്മാശ്ശുന്മാർക്കും അന്നു വരാപ്പുഴെ പാർത്തിരുന്ന പട്ടക്കാർക്കും വെള്ള ളോവ കുത്തിപ്പിച്ചു കൊടുക്കുകയും ചെയ്തു. അതിന്റെ ശേഷം മെത്രാനച്ചനെ കാൺമാൻ വരാപ്പുഴെ ചെല്ലുമ്പോൾ ളോവ ഇട്ടുകൊണ്ടേ മെത്രാനച്ചന്റെ മുമ്പിൽ ചെന്നുകൂട എന്നൊരു സ്വരം ഉണ്ടായി. ആയതിനാൽ അന്നുമുതൽ ശമ്മാശ്ശുന്മാരു ളോവ കുത്തിക്കണം എന്നുള്ള ചട്ടം തുടങ്ങി. ഇങ്ങനെ നടത്തി വരികയാൽ മേൽപ്പറഞ്ഞവരെ പട്ടമേല്പാൻ ഭാവിച്ചപ്പോൾ ളോവ, സൂർപ്‌ലേസ് ഒക്കെയും അവക്കുണ്ടാക്കിയതിൽ പിന്നെ യത്രെ അനുവദിച്ചതും. അതെന്ത്യെ അതുവരെ പള്ളികളിൽ സൂർപലേസ് എന്നു പേരു പറഞ്ഞു വരുന്ന വട്ടത്തിൽ വെട്ടി നടുവിൽ കഴുത്തിലിടുവാൻ തക്കവണ്ണം വെട്ടിയിരിക്കുന്ന രണ്ടു മൂന്നു സൂർപ്‌ലേസ് ഉണ്ടായിരിക്കും. ഇതും പള്ളിവകയായിരിക്കും. പള്ളിയിൽ ശേഷം ഉടുപ്പുകൾ പോലെ ഉണ്ടാക്കി സൂക്ഷിച്ചുവരികയല്ലാതെ ഒരോരുത്തക്ക് ഇല്ലായിരുന്നു. പട്ടക്കാർക്കു സൂർപ്‌ലേസ് വേണമെന്നും ആയതു കൈയുള്ളതായിരിക്കണമെന്നും ഈ ദേഹം പറഞ്ഞു. ഈ ശമ്മാശ്ശുന്മാക്കും പിന്നീടു പട്ടമേററവർക്കും ഉണ്ടാക്കിച്ചതിനാൽ ഓരോരുത്തർ ഉണ്ടാക്കുവാൻ തുടങ്ങി. എങ്കിലും ഇപ്പോഴും എല്ലാവർക്കും ഉണ്ടായിട്ടില്ല.

ഈ ശമ്മാശ്ശുന്മാരും മുൻപറഞ്ഞ കോയിൽമുക്കുകാരൻ ചാണ്ടപ്പിള്ള ശമ്മാശ്ശനും പിന്നെയും മററു ചിലരും വന്നുകൂടിയതിനാൽ ഇദ്ദേഹം ഒരു സെമിനാരിക്രമം എഴുതിയുണ്ടാക്കി. ആയതിനു പന്ത്രണ്ടു വകുപ്പുണ്ടു്. ആയതു ഒരു പസ്സിയിൽ പതിച്ചു പഠിക്കുന്ന സ്ഥലത്തു വെച്ചു. പള്ളിയുടെ വടക്കുവശത്തു വരാന്തയുടെ കിഴക്കെ അററത്തു ഒരു മുറിയുണ്ടു്. അതിലത്രെ ഈ ദേഹം പാർക്കുന്നതു് ആ വരാന്തയുടെ പടിഞ്ഞാറെ അററത്തു ഒരു ചെറിയ മുറിയും നടുവിൽ നീളമുള്ള ഒരു വരാന്തയും ഉണ്ടു്. ഈ വരാന്തയത്രെ സെമിനാരി ആക്കിയതു, അവിടെ ഇരുവശത്തു വങ്കും നടുവിൽ മേശയും ഇട്ടു ഇരുവശത്തും ശമ്മാശ്ശുൻമാരു ഇരിക്കയും ചെയ്തിരുന്നു. ഞങ്ങൾ അവിടെനിന്നു ആവശ്യത്തിനുമാത്രം പുറത്തുപോയിരുന്നു. അഞ്ചുമണിക്കു പുറത്തിറങ്ങി നടന്നിരുന്നു. ഉച്ചയ്ക്കു തീൻ കഴിഞ്ഞാൽ കുറെനേരം ഉറങ്ങുവാൻ മുറിയിൽ പോകും. അപ്പോൾ എല്ലാവരും സുറിയാനി മലയാഴ്മ എഴുതണം. 6 മണിക്കു പള്ളിയിൽപോയി ലുത്തനിയ,

ധ്യാനവായന, കൊന്തനമസ്കാരം മുതലായതു എത്തിച്ചിരുന്നു. ഇതിനെല്ലാം ഞങ്ങളോടുകൂടി ഈ ദേഹവും കൂടിയിരുന്നു. ഇതിൻെറശേഷം പഠനസ്ഥലത്തു ഞങ്ങളോടുകൂടി വന്നിരിക്കയും ചെയ്തിരുന്നു. അത്താഴം കഴിഞ്ഞു കുറെനേരം ജ്ഞാനകാര്യങ്ങളെക്കുറിച്ചു സംഭാഷണം ചെയ്തതിൻെറ ശേഷം മണികൊട്ടി ഉറങ്ങാൻ പോകുകയും ചെയ്യും. ഇങ്ങനെ കിടക്കുന്ന നേരംവരെയും ളോവ ഉടുത്തുകൊണ്ടു അവിടെത്തന്നെ ഇരിക്കയും മണി ഇല്ലായ്കയാൽ ചിലപ്പോൾ പതിനൊന്നു മണിവരെ രാവായിപ്പോകുകയും ചെയ്യും. ഞങ്ങൾ ഉറങ്ങുവാൻ പോയാലും ഈ ദേഹം വീണ്ടും അവിടെ ഇരുന്നു് ഏറിയനേരം വായിച്ചിരുന്നു. ഇങ്ങനെ നടന്നുവന്നതിൻെറ ശേഷം രണ്ടു ശമ്മാശ്ശന്മാരും ഒരു വാലിഭക്കാരനും മരിച്ചതിനാൽ പലരും കുററം പറഞ്ഞു തുടങ്ങി. അതായതു, വടയാററും കുമരകത്തും മററും ഉള്ള മല്പാന്മാരോടുകൂടി പഠിക്കുന്ന ശമ്മാശ്ശന്മാർ ളോവകൂടാതെ കമ്മീസോടുകൂടി പള്ളിഅകത്തും വരാന്തയിലും മനസ്സുപോലെ നിലത്തും മററും ഇരുന്നും നടന്നും വായിക്കയും പഠിക്കയും ചെയ്തുവരുന്നതുപോലെ അല്ലാതെ ളോവ ഉടുത്തുകൊണ്ടു ക്രമമായി അവിടെത്തന്നെ ഇരുന്നും അവരോടുകൂടെ മുട്ടിപ്പായി ഈ ദേഹവും ഇരുന്നുകൊണ്ടും സെമിനാരി നടത്തുന്നു. ഇങ്ങനെ ഉള്ള ഞെരുക്കത്താലത്രെ ശമ്മാശ്ശന്മാരു ചാകുന്നതു് എന്നു പറഞ്ഞിരുന്നു. ആയതിനാൽ കുറെ നാൾ കഴിഞ്ഞ ശേഷം വരാന്തയുടെ താഴത്തു നടന്നു വായിപ്പാൻ അനുവദിച്ചു. അതായതു എട്ടുമണി കഴിഞ്ഞു പാഠം കേൾപ്പിച്ചു കഴിയുന്നവരു വീണ്ടും പന്ത്രണ്ടു മണി വരെയും അപ്രകാരം മൂന്നു മണികഴിഞ്ഞു അഞ്ചുമണിവരെയും അവിടെ നടന്നു വായിപ്പാനും പള്ളിയിലും പരസ്യക്കൂട്ടത്തിലും ഞായറാഴ്ച പെരുന്നാൾ ദിവസങ്ങളിൽ മാത്രം ളോവ ഉടുക്കുന്നതിനും അനുവദിക്കേണ്ടിവന്നു. ഇങ്ങനെ നടന്നു വരുമ്പോൾ മേല്പറഞ്ഞ പീലിപ്പോസ് ശമ്മാശ്ശ വയസ്സുകൊണ്ടും ബുദ്ധിക്കുറവുകൊണ്ടും ഒന്നും പഠിക്കാത്തതുകൊണ്ടും വിചാരിച്ചതുപോലെയുള്ള ഗുണം കാണാഞ്ഞതിനാലും ഇനി പട്ടമേല്ക്കാതെ ഈ സ്ഥിതിയിൽനിന്നു ദൈവശുശ്രൂഷ ചെയ്ക അത്രെ നല്ലതു എന്നു പറഞ്ഞതെ അതിനും മനസ്സില്ല. ഇതിനാൽ, ഞാനിതിനു കാരണക്കാരനായല്ലൊ എന്നു് ഈ ദേഹം വിചാരിച്ചു പീലിപ്പോസിനെ പഠിപ്പിക്കുന്നതിനുവേണ്ടിയ ഉത്സാഹം ചെയ്യണമെന്നു നിശ്ചയിച്ചു കാനോനാ നമസ്കാരം പഠിപ്പിച്ചു തുടങ്ങി. റംശായും ലെലിയായും ശമ്മാശ്ശന്മാരോടുകൂടി അത്രെ ഈ ദേഹം എത്തിക്കുക പതിവു. അഞ്ചു മണിക്കു റംശാ. അക്കാലങ്ങളിൽ തലെദി

വസമെ ലെലിയ എത്തിക്കക എന്നുള്ള പതിവു ഇല്ലായിരുന്നു. പിന്നെയൊ എത്ര ദീൎഘമുള്ളതായാലും പിറവിയുടെതു നീക്കി ശേഷമൊക്കയും പുലൎകാലമെ എത്തിച്ചു തുടങ്ങുകയുള്ളു. ഇതിനാൽ കാലത്തു തുടങ്ങി ഹുലാലയും മൌതവായും സപ്രായും എത്തിച്ചു കുൎബാന ചൊല്ലും. അപ്പോൾ തഴങ്ങുന്നതിനായി ടി. പീലിപ്പോസിനോടുകൂടെ എത്തിച്ചു തുടങ്ങി. എന്നാൽ ഇയാളെ പഠിപ്പിപ്പാനായി ഒന്നിച്ചു നമസ്കാരം എത്തിച്ചു കഴിയുമ്പോൾ എട്ടു ഒൻപതുമണിയാകും. ഇതിനാൽ ശേഷം ശമ്മാശ്ശന്മാൎക്കു ഭാരമാകാതിരിപ്പാൻവേണ്ടി അവർ തനിച്ചു നമസ്ക്കരിക്കുന്നതിനു അനുവദിച്ചുകൊണ്ടു ഈ ദേഹവും പീലിപ്പോസുമായി നമസ്ക്കരിച്ചിരുന്നു. ആ ആണ്ടിൽ അതാതു നോമ്പിൽ പുലൎകാലെ തുടങ്ങി പീലിപ്പോസിനോടുകൂടെ ഏഴ ഹുലാലയും ഞായറാഴ്ച ദിവസം പത്തു ഹുലാലയും എത്തിച്ചു കഴിഞ്ഞതിന്റെ ശേഷം കുൎബാന ചൊല്ലിയിരുന്നു.

ഈ ദേഹം കുൎബാന ചൊല്ലിയപ്പോൾ തുടങ്ങി എന്നു തോന്നുന്നു ഞങ്ങൾ പഠിപ്പാൻ ചെന്നപ്പോഴും ദിവസവും ഒരു നേരം. അതു ഉച്ചയ്ക്കു മാത്രം ചോറുണ്ണും. വയ്യീട്ടു കുറെ കഞ്ഞി കുടിക്കും. കാലത്തു ഒന്നുമില്ല. ഇങ്ങനെ ഏറിയ കാലം ജീവിച്ചിരുന്നു. അനന്തരം ഒരു കഠിന ജ്വരം വന്നപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടൂപ്പു വൈദ്യൻ കൎശനമായി പ്രമാണിച്ചതിനാൽ അന്നുമുതൽ കാലത്തു കഞ്ഞി കുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴെ സെക്രത്താരി ആയിട്ടു താമസിച്ചിരുന്ന കാലത്തും ഈ ക്രമം അവിടെയും അനുസരിച്ചിരുന്നു. ഈ ദേഹത്തിന്റെ ഭക്ഷണം വീട്ടിൽനിന്നു കൊണ്ടുവന്നിരുന്നു. എന്നാൽ മേലെഴുതിയവണ്ണം വീട്ടിൽ ഞെരുക്കം തന്നെ. ഈ ദേഹം കുൎബാന ചൊല്ലുന്നതിനു കുറെ ദിവസം മുമ്പ് അമ്മയും മരിച്ചു. ഒരു ജ്യേഷ്ഠനും രണ്ടു പെങ്ങന്മാരും ഉള്ളതിൽ മൂത്ത പെങ്ങളുടെ കെട്ടിയവൻ സ്വഭാവക്കേടുകാരനായി രക്ഷിക്കായ്കയാൽ ഈ പെങ്ങളും വീട്ടിൽ വന്നു പാൎത്തിരുന്നു. അവരത്രെ ഈ ചോറും കറിയും ഉണ്ടാക്കി കൊടുത്തയയ്ക്കുന്നതു. എന്നാൽ ജ്യേഷ്ഠൻ അധിക പ്രാപ്തിയില്ലാത്ത ആളായിരുന്നു. ഇതിനാൽ ഇവരൊക്കയും ഈ ദേഹം കുൎബാന ചൊല്ലിയനാൾ മുതൽ ഈ ദേഹത്തിന്റെ സഹായത്താലത്രെ ചെലവു കഴിച്ചുവന്നതു് എന്നു പറയാം. ഈ ദേഹത്തിന്റെ ഉച്ച ഭക്ഷണത്തിനു എല്ലായ്പ്പോഴും ഒരു കറി മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ ദേഹം എത്ര ബുദ്ധിമുട്ടിയാറെയും ടി. പീലിപ്പോസിന്നു പഠനത്തിൽ ഒരു ഫലവുമില്ലെന്നുകണ്ടു് ഇനി താൻ അഞ്ചുപട്ടം ഏൽക്കണ്ടാ എന്നു പറഞ്ഞു. അപ്പോൾ പീലിപ്പോസു അരിശപ്പെട്ടു ''നീ

എന്നെ ചതിച്ചില്ലയൊ, ഞാൻ മാപ്പിള ആയിട്ടു നടന്നതല്ലയൊ, എന്നെ ഈ കോലം കെട്ടിച്ചിട്ടു ഇപ്പോഠം ഇനിക്കു പട്ടം തരുവിക്കയില്ലയോ? ഈ കൊച്ചു ശമ്മാശ്ശന്മാരെ ഒക്കെ പട്ടമേല്പിക്കുന്നല്ലൊ'' എന്നും മററും ഈ ദേഹത്തെ ദൂഷണം പറവാൻ തുടങ്ങി. അനന്തരം ടി. പീലിപ്പോസു പള്ളിപ്പുറത്തുനിന്നും പുറപ്പെട്ടു പരദേശി ആയി നടപ്പാൻ തുടങ്ങി.

ഇങ്ങനെ ഈ ദേഹം പഠിപ്പിച്ചു വരികയിൽ ഈ ദേഹത്തിൻെറ മല്പാൻ വയസ്സായി കല്പറമ്പിൽ പാർത്തു പഠിപ്പിച്ചു വന്നിരുന്നു. എന്നാൽ കന്നിമാസം 1-ാം ഞായറാഴ്ച, സെമിനാരിപ്പെരുന്നാളായി കല്പറമ്പിൽ ഘോഷിച്ചുവന്നിരുന്നു. ഞങ്ങളുടെ മല്പാനച്ചൻ ആ ദേഹത്തിൽ നിന്നു ഏററിയ ഉപകാരം കൈക്കൊണ്ടിരിക്കയാൽ ആ ദേഹത്തിനെ ചെന്നുകണ്ടു ഒരു വാഴ്‌വു വാങ്ങിക്കണമെന്നു വിചാരിച്ചു ആദ്യ ശിഷ്യരായ പള്ളിപ്പുറത്തു ഇടവകക്കാരൻ വരാപ്പുഴെമല്പാനായിരുന്ന മരിച്ച മംഗലത്തു ചാണ്ടി കത്തനാരച്ചനെയും, വൈക്കത്തു പഴെകടവിൽ യൌസേപ്പു കത്തനാരച്ചനെയും എന്നെയും കൂടി കൊണ്ടു പോകാമെന്നു നിശ്ചയിച്ചു. ഇതിനാൽ അവർ രണ്ടുപേരും അവരുടെ വീടുകളിൽ നിന്നു ഓരോ കുത്തു കച്ചയും എനിക്കു വേണ്ടി ഈ ദേഹം തന്നെ ഒരു വിശേഷ പുതപ്പും വാങ്ങിച്ചു ഞങ്ങളെ മൂവരേയും കൂട്ടി കൊച്ചിയിൽ അടുത്തു ചില വിശേഷതര തീൻസാധനങ്ങളും ചട്ടംകെട്ടി കല്പറമ്പിൽ ചെന്നു. ക്ഷവനായ മല്പാനച്ചനു ഈ ദേഹം വലിയ ബഹുമാനത്തോടും ആചരത്തോടുംകൂടെ വണക്കം ചെയ്തിട്ടു ദൂരെ മാറിനിന്നു. അപ്പോഠം ഞങ്ങഠം മൂവരും ഈ കാഴ്ചകളും കൊണ്ടുചെന്നു ആ ദേഹത്തിൻെറ മുറിയിൽ വച്ചു കസേരയുടെ മുമ്പിൽ മുട്ടുകുത്തി കൈമുത്തുകയും ആ ദേഹം സന്തോഷത്തോടുകൂടെ ഞങ്ങളുടെ തലയിൽ കൈവച്ചു ആശീർവദിക്കയും ചെയ്തു. ടി. പെരുന്നാളിന്നു പല ശിഷ്യരും വന്നു കൂടിയിരുന്നു. ഈ ദേഹമത്രെ പ്രസംഗം പറഞ്ഞതു. പ്രസംഗം കഴിഞ്ഞു ഞങ്ങഠം പള്ളിപ്പുറത്തിനു തിരിച്ചുപോരുകയും ചെയ്തു.

ഈ കാലങ്ങളിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിട്ടു മിലേസിയോ പ്രംതർഗാസ്റ്റ് എന്ന ഇംഗ്ലീഷ് മെത്രാനച്ചൻ റോമ്മായിൽനിന്നുതന്നെ വാഴ്ചയും കൈക്കൊണ്ടു വരാപ്പുഴെ വന്നു. അന്നു നടന്നു വന്നിരുന്ന ചട്ടപ്രകാരം അതായതു ഒരു വികാരി അപ്പസ്തോലിക്കായുടെ കാലം കഴിഞ്ഞതിൻെറ ശേഷം മറെറാരാഠം വാഴ്ച ഏററു പള്ളി ഭരിപ്പാൻ തുടങ്ങുന്നതിനു മുമ്പുതന്നെ പള്ളികഠംക്കു ഒക്കെയ്ക്കും കല്പന അയച്ചു വികാരിമാരെയും വേണ്ടത്തക്ക ജനങ്ങളെയും കൂട്ടി, നിശ്ചയിക്കപ്പെട്ട

ദിവസത്തിൽ വരാപ്പുഴ പള്ളിയിൽ വരുത്തി ലത്തീനിലും മലയാഴ്മയിലും പരസ്യപ്പെടുത്തുകയും ആയതിന്റെ പകർപ്പുകൾ പള്ളികൾക്ക ഒക്കെയ്ക്കും കൊടുത്തയക്കയും ചെയ്യും. അന്നേ ദിവസം കൂടുന്ന പട്ടക്കാർക്കും ജനങ്ങൾക്കും അവരവരുടെ ബഹുമാനത്തിന്നു തക്കവണ്ണം തീൻ കൊടുക്കുമാറായിരുന്നു. അപ്രകാരം തന്നെ മേലെഴുതിയ മെത്രാനച്ചൻ വന്നയുടൻ ഈ ക്രമവും കഴിച്ചു. ഈ ദേഹവും ഈ ക്രമത്തിനു കൂടിയിരുന്നു. ഈ ദേഹം പഠിപ്പിപ്പാൻ തുടങ്ങിയ കാലംവരെ വരാപ്പുഴെ സെക്രത്താരി ആയി താമസിച്ചിരുന്നു. പള്ളികൾ സംബന്ധിച്ച കാര്യം മാത്രമല്ല വരാപ്പുഴെ ഉള്ള വസ്തു ഏർപ്പാടുകളുടെയും വിവരങ്ങളും വേണ്ടുംവണ്ണം ഗ്രഹിച്ചിരുന്നു. സെക്രത്താരി വേലയിൽനിന്നൊഴിഞ്ഞിട്ടും വികാരിജനറാളന്മാരായി നടത്തിയിരുന്ന പ്രോസ്പർ, നിക്ലാവോസ് എന്ന മൂപ്പച്ചന്മാർ പ്രധാനസംഗതികൾ ഉണ്ടാകുമ്പോൾ ഈ ദേഹത്തിനെ ആളയച്ചു വരുത്തി ആലോചന ചോദിച്ചിരുന്നു. ഇതു മുഖാന്തിരം ഈ ദേഹം വരാപ്പുഴെ ചെന്നാൽ പിന്തിരിയുംവരെയുള്ള ചെലവുകൾ എല്ലാം അവിടെനിന്നു നടത്തിയിരുന്നു ഈ മെത്രാനച്ചന്റെ കാലത്തിലത്രെ പള്ളികളിൽ വിസീത്തയ്ക്കു മെത്രാൻ തന്നെ പോകുന്ന ചട്ടം തുടങ്ങിയതു. 1-ാമതു കുടമാളൂർ പള്ളിയിലത്രെ വിസീത്തയ്ക്കു പോയതു്. അതിന്റെ ശേഷം പള്ളികളൊക്കയിലും വിസീത്തക്കുപോയി. ഇതിനു മുമ്പിൽ ബഹുമാനപ്പെട്ട മിസ്യോനരിമാരെ പള്ളികളിലയയ്ക്കുന്നതല്ലാതെ മെത്രാന്മാരു പോകുക ചട്ടമില്ലായിരുന്നു. പക്ഷെ ഈ മലയാള രാജാക്കളുടെ ഇടത്തുള്ള ബഹുമാനത്തിനുവേണ്ടി ആയിരുന്നു എന്നു തോന്നുന്നു. അതായതു, മുനിമാരു അവരുടെ ഇടത്തിൽ നിന്നിറങ്ങി സഞ്ചരിക്കയില്ലാ എന്നുള്ള മുറ അനുസരിച്ചായിരിക്കും. എന്നാലിപ്പോൾ ചെയ്യുംവണ്ണമുള്ള ക്രമത്തോടും ഫലത്തോടുംകൂടെ ചെയ്തിരുന്നില്ലെങ്കിലും പള്ളികളിൽ നടന്നു് സെമിത്തേരി വേണമെന്നും ആയതിൽ ശവമടക്കണമെന്നും കുമ്പസാരക്കൂട്ട ഉണ്ടാക്കണമെന്നും കൊമ്പിരിയാ ഉണ്ടാക്കണമെന്നും മററുമുള്ള ചട്ടം ഈ ദേഹം കല്പിച്ചു. അതിനുമുമ്പു പള്ളികളിൽ പ്രത്യേകം സുറിയാനി പള്ളികളിൽ ദർശനവും (കൊമ്പിരിയാ എന്നുള്ള ക്രമം) ഉണ്ടായിട്ടില്ല. സെമിത്തേരിയും കുമ്പസാരക്കൂടും ലത്തീൻ പള്ളികളിലും ഇല്ലാഞ്ഞു.

സുറിയാനി ഭാഷയിൽ ശാസ്ത്രപ്പുസ്തകങ്ങളും തെയൊലോജിയാ, മോറൾ ഇങ്ങനെയുള്ള പട്ടക്കാർക്കു ആവശ്യമായ പുസ്തകങ്ങൾ ഇല്ലായ്കയാൽ പട്ടക്കാരുടെ അറിവില്ലായ്മ നിമിത്തം ഉണ്ടാകുന്ന നാശങ്ങളെ കാൺകയാൽ ഈ ദേഹം

ഏററവും സങ്കടപ്പെട്ടു വളരെ അന്വേഷിച്ചതിൽ, പാണ്ടിരാജ്യങ്ങളിൽ പൌലീസ്സക്കാരു ചില പുസ്തകങ്ങൾ തമിഴ് പേച്ചിൽ ഉണ്ടാക്കീട്ടുണ്ടെന്നു കേട്ടു. ആ പുസ്തകങ്ങൾ വരുത്തി, അപ്രകാരം തന്നെ ഇവിടങ്ങളിലും ചില മിസ്യോനാരിമാരാൽ ഉണ്ടാക്കപ്പെട്ട ചില മലയാഴ്മ പുസ്തകങ്ങളും വരുത്തി ഇവയെല്ലാം ഞങ്ങൾക്കു വായിപ്പാനും തന്നു. ഈ ദേഹവും തമിഴു ഭാഷ പഠിച്ചു, ആ പുസ്തകങ്ങൾ വായിച്ചുവന്നു. എല്ലാപ്പോഴും തന്നെ വായിച്ചിരുന്നു. ആയതുകൊണ്ടു മററു മല്പാന്മാരു ''തമിഴുമല്പാൻ, പാണ്ടിമല്പാൻ'' എന്നു പരിഹാസമായി വിളിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ സുറിയാനി പേച്ചിലുള്ള പഠനം ഇല്ലായ്മയാലത്രേ ഈ തമിഴു പുസ്തകങ്ങളെ വായിക്കുന്നതു് എന്നു പറഞ്ഞു വന്നിരുന്നു. പുണ്യജീവിതം, വലിയ ഓത്തിൻെറ അത്ഥം ഞാറയ്ക്കൽ മല്പാൻ, കരിയാററിൽ മല്പാൻ, പൌലീനോസ് മൂപ്പച്ചൻ എന്നിവരാൽ ഉണ്ടാക്കപ്പെട്ട കൂദാശപ്പുസ്തകങ്ങളും മററു ചില വിശേഷ മലയാളപുസ്തകങ്ങളും ജ്ഞാനമുത്തു, ജ്ഞാനസഞ്ജീവി, ഏഴാഴ്ച പുതുമ, നക്ഷത്രമാല, പുരാന്തിമം, പശ്ചിമം മുതലായ വിശേഷ തമിഴ് പുസ്തകങ്ങളും ഉണ്ടായിരുന്നു. അച്ചടിപ്പെന്ന പേരുകൂടെയും കേട്ടിട്ടില്ലാത്ത ഈ ഇന്ത്യയിൽ ഇങ്ങനെയുള്ള പുസ്തകങ്ങളെ സമ്പാദിക്കുന്നതിനു അധിക അന്വേഷണവും വേലയും വേണ്ടിവന്നു. തമിഴിൽ നിന്നു മലയാളത്തിലേക്കു ചില പുസ്തകങ്ങൾ ഭാഷാന്തരം ചെയ്തിരുന്നു. തൻെറ ശിഷ്യർ എല്ലാവരേയും പക്ഷഭേദം കൂടാതെ പഠിപ്പിക്കയും, അവർക്കുവേണ്ടി കൈയെഴുത്തായിരുന്ന സുറിയാനി വേദപുസ്തകങ്ങൾ പല സ്ഥലങ്ങളിൽ നിന്നും വരുത്തി അവർക്കു കൊടുക്കയും അവരെക്കൊണ്ടു പകർത്തിപ്പിക്കയും ചെയ്തിരുന്നു. പട്ടക്കാർക്കടുത്ത അറിവിന്നു തക്കതായ പഠിത്വമുണ്ടാകണമെങ്കിൽ ലത്തീൻഭാഷ പഠിക്കണം എന്നു നിശ്ചയിച്ചു ചിലരെ എങ്കിലും പഠിപ്പിച്ചാൽ അവരു വഴിയായി ശേഷംപേൎക്കും ഉപകാരം ഉണ്ടാകും എന്നു വിചാരിച്ചു. ആകയാൽ ഞങ്ങൾ അറിയാതെ മേലെഴുതിയ മിലേസ്യാ മെത്രാനച്ചനെ ഈ സംഗതി ബോധിപ്പിച്ചു. ആ ദേഹവും സമ്മതിച്ചു. നിക്കാവോസു മൂപ്പച്ചന്നു ഈ ദേഹത്തിൻെറ നേരെ അധിക സ്നേഹമായിരുന്നതിനാൽ വേണ്ട സഹായങ്ങൾ ചെയ്യാമെന്നു പറഞ്ഞു. അപ്രകാരം ഞങ്ങൾ മൂവരേയും കൂട്ടിക്കൊണ്ടു വരാപ്പുഴെ കൊണ്ടുപോയി ആക്കി. സെമിനാരിക്കു പുറത്തു കിണററിൻെറ പടിഞ്ഞാറുവശമുള്ള മുറിയിൽ ഞങ്ങൾ പാർപ്പാനും പഠിത്വത്തിൻെറ നേരത്തു ലത്തീൻകാരുടെ സെമിനാരിയിൽ പോയി പഠിച്ചുകൊള്ളണ

മെന്നും തീനും കിടപ്പും ഈ മുറിയിൽ കഴിച്ചുകൊള്ളണമെന്നും എന്തോരാവശ്യം നിങ്ങൾക്ക ഉണ്ടായിരുന്നാൽ ഒക്കയും മൂപ്പച്ച നോട്ട പറഞ്ഞാൽ നടത്തിത്തരുമെന്നും പറഞ്ഞുകൊണ്ട് ഈ ദേഹം പള്ളിപ്പുറത്തിനു പോയി. പിറേറ ദിവസം ഞങ്ങൾ സെമിനാരിയിൽ ചെന്നാറെ സെമിനാരിയിൽ കയററുന്നതി ന് അവക്കു സമ്മതമില്ലാഞ്ഞു. ഇതിനാൽ ഈ ദേഹത്തിൻെറ നല്ലവാക്ക സാധിക്കാതെ പള്ളിപ്പുറത്തേക്ക പിന്തിരിയേണ്ടി വന്നു. ആകയാൽ ലാക്ക സാധിക്കാതിരുന്നു എന്നു മാത്രമല്ല, കുറെ മാനക്കേടും സങ്കടവും കൂടി ഉണ്ടായി. ഇനി ഇതിനു എന്തുവഴിയുള്ളു എന്നു വിചാരിച്ചപ്പോൾ മേലെഴുതിയ രണ്ടു പേരും പ്രായംചെന്നവരാകയാലും കാനോനാ നമസ്കാരം മുത ലായതു തഴങ്ങി അഞ്ചു പട്ടത്തിനു ആസ്ഥമാകുവാൻ ആഗ്രഹിക്ക യാലും എന്നെയെങ്കിലും കുറെ ലത്തീൻപേച്ചു പഠിപ്പിക്കണ മെന്നു നിശ്ചയിച്ചു. അന്നു തങ്കിപള്ളിയിൽ വികാരി ആയി രുന്ന വടക്കൻ പള്ളിപ്പുറത്തുകാരൻ മെയിൻ പാദ്രിയച്ചൻ ഒരു പ്രകാരം ലത്തീൻപേച്ചു തിരിയുന്നയാൾ എന്നു കേട്ടു ഈ ദേഹം തന്നെ ചിലവുംതന്നു അയച്ചു. കുറേനാൾ ആറെട്ടുമാസം അവി ടെ താമസിച്ചു. അപ്പോൾ ഒരു ദീനം വന്നതിനാൽ പോരു കയും ചെയ്തു. ഈ ആഗ്രഹം സാധിക്കുന്നതിന് ഇടയായില്ല. ഇങ്ങനെ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്ന കാലത്തു ആ ദേഹത്തി ൻെറ ഏററിയ പ്രയത്നത്താൽ യജമാനന്മാരെ ബോധിപ്പിച്ചു വടയാററു പള്ളിയിലും, പിന്നെയും ചില പള്ളികളിലും കൊൺഗ്രഹസ്യോൻ എന്ന കമ്മലമാതാവിൻെറ ദർശനപ്പെരു ന്നാൾ സ്ഥാപിച്ചു ഘോഷിച്ചിരുന്നു. ആദേഹത്തിന്നു ഏററി ക്കപ്പെട്ട സ്നേഹക്കാരനായ ബ. പോരുക്കര തോമ്മാക്കത്തനാ രച്ചനും ഈ ദേഹവുംകൂടെ ഈ മലയാളത്തിൽ പട്ടക്കാർക്കുപോ ലും ഒരു തപസ്സുഭവനം ഇല്ലായ്കയാൽ ഏററിയ നന്മകൾക്ക വിഘ്നമായിരിക്കകൊണ്ടു വല്ല പ്രകാരത്തിലും പട്ടക്കാർക്കെ ങ്കിലും ഒരു ദർശന വീടുണ്ടാക്കണമെന്നാഗ്രഹിച്ചു. ആയതിന്നു ഒരു സഹായം ആരുമില്ലായ്കകൊണ്ടു ഖേദിച്ചപേക്ഷിച്ചിരി ക്കുമ്പോൾ ദൈവസഹായത്താൽ ബഹുമാനപ്പെട്ട ബോംബെ യുടെ വികാരി അപ്പസ്തോലിക്കാ ആയ മാർ മൌറേലിയോസ് ദൊലീക്കാ എന്ന മെത്രാനച്ചൻ ഇവിടേക്കു വന്നു. മാർ ലെയോൻ പത്താമത്തു എന്ന ശുദ്ധമാന മാർപ്പാപ്പായുടെ കല്പന യാൽ വരാപ്പുഴക്കു ഇന്തിരീനാ വികാരി അപ്പസ്തോലിക്കാ ആ യിട്ടു വാഴകയിൽ, ഞങ്ങളുടെ മല്പാനച്ചൻ, മുമ്പു പീയൂസു ഏഴാ മത്തു എന്ന ശുദ്ധമാന മാർപ്പാപ്പായുടെ കാലത്തു വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിട്ടു വാണിരുന്ന മാർ റെയി മുന്തു് സൂര്യ എന്ന മെത്രാനച്ചൻെറ സെക്രത്താരിയായിട്ടു പാർ

ത്തിരുന്നതിനാലും, പിന്നെ ഉണ്ടാകുന്ന യജമാനന്മാരു ആലോചന ചോദിക്കുന്നതിനായി ഞങ്ങളുടെ മല്പാനച്ചനെ വിളിക്കുമാറായിരുന്നു. അപ്രകാരം ബഹുമാനപ്പെട്ട മാർ മൌറേലിയോസ് എന്ന മെത്രാനച്ചൻ വിളിച്ചു ഒന്നുകിൽ സെക്രത്താരി ആയിട്ടവിടെ പാക്കണം, ആയതല്ലെങ്കിൽ ഇപ്രകാരം വിശ്വാസമുള്ളതിൽ ഒരു പട്ടക്കാരനെ ഇവിടെ നിർത്തണം എന്നു കല്പിച്ചു. ഞങ്ങളുടെ മല്പാനച്ചനു പഠിപ്പിക്കൽ എന്ന ജോലി ഉപേക്ഷിപ്പാൻ പാടില്ലായ്കയാൽ പോരുക്കര തോമ്മാക്കത്തനാരച്ചനെ കൊല്ലത്തു തങ്കച്ചേരി പുത്തൻപള്ളിയിൽനിന്നു വരുത്തി മെത്രാനച്ചന്റെ സെക്രത്താരി ആയിട്ടു ആക്കുകയും ചെയ്തു. ഇങ്ങനെയിരിക്കയിൽ ഇവരു മുൻവിചാരിച്ച സംഗതിയെപ്പററി ആലോചിക്കയിൽ ''എന്റെ നാമത്തിൽ രണ്ടുമൂന്നു പേരു കൂടുന്നിടത്തു ഞാനുണ്ടാകുമെന്നും, ചോദിപ്പിൻ നിങ്ങൾക്കു കിട്ടപ്പെടും'' എന്നിങ്ങനെയുള്ള നമ്മുടെ കർത്താവിന്റെ അരുളപ്പാടിനു തക്കവണ്ണം ഇവരുടെ ഉത്സാഹത്താലും അപേക്ഷയാലും ബഹുമാനപ്പെട്ട മെത്രാനച്ചൻ ഈ അവസ്ഥകൾ ഗ്രഹിച്ചപ്പോൾ ദാഹിക്കപ്പെട്ട ഭൂമി വർഷത്താൽ തെളിയുംവണ്ണം പുണ്യദാഹത്താൽ ദാഹിക്കപ്പെട്ടിരിക്കുന്ന അച്ചൻ ഏററംക്കപ്പെട്ട തെളിവാൽ തെളിഞ്ഞു. ''തമ്പുരാന്റെ മുഖം അന്വേഷിക്കുന്നവരു ഈ വേലയ്ക്കു ദാനധർമ്മം ചെയ്യണ''മെന്ന ഒരു പന്തേന്തി എഴുതി. ഇതിനു ദാനധർമ്മമായിട്ടു ബഹുമാനപ്പെട്ട അച്ചൻ 1829-ാം കാലം വൃശ്ചികം 1നു- തന്നെ മുൻപിനാൽ ഇവരുടെ കയ്യിൽ, അതായതു ഞങ്ങളുടെ മല്പാനച്ചന്റെയും പോരുക്കര അച്ചന്റെയും കയ്യിൽ ഇരുന്നൂറു കമ്പനിരൂപയും കൊടുത്തു. ഇതിനു വേലചെയ്‌വാൻ ഇവർ രണ്ടുപേരെയും കഴലപ്പെടുത്തി അയച്ചു. ഇവരു പുറപ്പെട്ടു 1830-ാം കാലം തുലാമാസത്തിൽ കോയിൽമുക്കു പള്ളിയിൽ (എടത്വായിൽ) പോകുംവഴി കല്ലൂർക്കാട്ടു പള്ളിയിൽ (ചമ്പക്കുളത്തു) കയറി പന്തേന്തികാട്ടി വിവരം അറിയിച്ചു. പട്ടക്കാരും യോഗക്കാരുംകൂടി ഇരുന്നൂറു രൂപയ്ക്കു ആയിരപ്പറനെല്ലു തരത്തക്കതിൻവണ്ണം നിശ്ചയിച്ചു. വികാരി അച്ചന്റെ ഒപ്പും പന്തേന്തിയിൽ വെച്ചുതന്നു. അവിടെനിന്നു കോയിൽമുക്കു പള്ളിയിൽ പോയി. അവിടെയും പന്തേന്തികാട്ടി വിവരം അറിയിച്ചാറെ അവരെല്ലാവരുംകൂടി പള്ളിയിൽനിന്നു നാന്നൂറു രൂപായ്ക്കു പതിനായിരം ചക്രം കൊടുക്കത്തക്കതിൻവണ്ണം നിശ്ചയിച്ചു, പൂട്ടുതുറന്നു ചക്രം പതിനായിരവും കൊടുക്കുകയും ചെയ്തു. അവിടെനിന്നു അച്ചൻ പള്ളിപ്പുറത്തുവന്നു പാക്കയും, എ. പെ. ബ. മെത്രാനച്ചൻ അത്തുങ്കൽ മാർ അന്ത്രയോസു ശ്ലീഹായുടെ പള്ളിയിൽ താമസിക്കയിൽ പോരുക്കര

അച്ചൻ അവിടെപോയി സെക്രത്താരിയായി താമസിക്കയും ചെയ്തു.

കുറെക്കാലം കഴിഞ്ഞതിൻെറ ശേഷം വീടിന്നു സ്ഥലം കാണണമെന്നു നിശ്ചയിച്ചു ഞങ്ങളുടെ മല്പാനച്ചനും പോത്രുക്കര അച്ചനും ആ ദേഹത്തിൻെറ ഒരു വാലിഭകാരനായിട്ടു കണിയാന്തറ യാക്കൊ എന്ന പൈതലും പള്ളിപ്പുറത്തു പള്ളി ഇടവക കല്ലുങ്കൽ ഇട്ടിഅയിപ്പും ഈഴവപ്പരിഷയിലുള്ള ഇട്ടൻ എന്നവനും ഇവരെല്ലാവരും കൂടി പുറപ്പെട്ടു ഇത്തിപ്പുഴ ആററിൻ വഴിപോയി. വെട്ടിക്കാട്ടുമുക്കും കടന്നു് ആ പ്രദേശങ്ങളൊക്കയും തിരഞ്ഞു. അവിടെനിന്നു കടനാട്ടിൽ പാറ എന്നു ചൊല്ലുന്ന ഒരപകടസ്ഥലവും കടന്നു മുളക്കുളത്തു ചെന്നു. അവിടെയും തിരഞ്ഞാറെ തക്കതായ ഒരിടവും കണ്ടില്ല. അവിടെനിന്നും തിരികെ യാത്ര പുറപ്പെട്ട വഴിക്കു കാണുന്ന ഉയരപ്പെട്ട കുന്നും മലയും നോക്കുകയും ആലോചിക്കുകയും ഇങ്ങനെ കടനാട്ടിൽ പാറയും കടന്നു അതിന്നും താഴെ വെട്ടിക്കാട്ടു മുക്കിനും മേൽക്കു കളമ്പൂരിന്നു ചൊല്ലുന്ന മണല്ലു് അടുത്തു് അവിടെ ഒരു സ്ഥലം കണ്ടു. അവിടവും വേനൽ കാലത്തിൽ ഓരു കടക്കുന്നതിനാൽ ആ സ്ഥലവും പിടിച്ചില്ല. അവിടെനിന്നു പള്ളിപ്പുറത്തു വന്നു് ഇനി ഒരു സമയത്താകട്ടെ എന്നും വെച്ചു പോത്രുക്കര അച്ചൻ മെത്രാനച്ചൻെറ പക്കൽ പോയി.

കുറെനാറം കഴിഞ്ഞതിൻെറ ശേഷം പസ്സാറം പാദ്രി അച്ചനും ഞങ്ങളുടെ അച്ചനും പോത്രുക്കര അച്ചനും ഇട്ടൂപ്പ കത്തനാരച്ചനും മംഗലത്തു ചാണ്ടികത്തനാരച്ചനും കൂടെ മുമ്പിൽ പോയ ആറുവഴിക്കുതന്നെ പുറപ്പെട്ട വെട്ടിക്കാട്ടുമുക്കിനും മേൽക്കു കടനാട്ടിൽ പാറയ്ക്കും താഴെ കാവൽ വഴി ചേരിക്കും കിഴക്കുള്ള ചെമ്മഞ്ചി എന്നു ചൊല്ലുന്ന ഉയർന്ന ഒരു കുന്നുംപുറം കണ്ടു. അതിന്നും മുകളിൽ വളരെ പ്രയാസവും ബുദ്ധിമുട്ടും കഴിച്ചു കയറി നോക്കിയപ്പോറം ഉയർച്ചയും വീതിവിസ്താരവും സ്ഥലസൌഖ്യവും നല്ലതുതന്നെ. എങ്കിലും വള്ളമടുപ്പാനും താഴത്തുനിന്നു ഒരു വസ്തുവും മുകളിൽ കൊണ്ടുവരുവാനും വളരെ പ്രയാസം. അതിനാൽ ആ സ്ഥലവും അത്ര യുക്തികരമായില്ല. അവിടെനിന്നും എല്ലാവരും മടങ്ങി ഓരൊരുത്തരുടെ സ്ഥലത്തു പോരുകയും ചെയ്തു.

അനന്തരം ഞങ്ങളുടെ മല്പാനച്ചന്നു വാതം വന്നു വിഷമിച്ചു കിടപ്പിലായി. ഒരു മാസത്തോളം കുർബ്ബാന ചൊല്ലാതെയും അരക്കുടെ തളർന്നു പോകയാൽ കാൽ അനക്കുവാൻ വഹിയാതെയും ആയിപ്പോയി. ദിനം ഒരു വിധം സൌഖ്യ

മായ ശേഷം വടകരയ്ക്കുപോയി. അവിടെവച്ച ഞാനും ബ. അച്ചനും ആററിനക്കരെ കടന്നു് പല മലകളും കുന്നുകളും കയററി ഏകദേശം ഉച്ചതിരിഞ്ഞപ്പോൾ പിന്തിരിഞ്ഞു വന്നു. ആ സ്ഥലങ്ങളും ബോധിച്ചില്ല. അവിടെനിന്നു ഞങ്ങൾ പള്ളിപ്പുറത്തിനു തിരികെ വന്നു. അതിരമ്പുഴക്കു കിഴക്കു് പള്ളിക്കുന്നെന്നും പള്ളിക്കയമെന്നും ഇങ്ങനെ നല്ലതിൽ ഒരിടമുണ്ടെന്നും, വേദഗിരി എന്ന ഒരു ഇടമുണ്ടെന്നും കേട്ടതിനാൽ ആ ഇടങ്ങൾ കാൺമാനായി ഞങ്ങളുടെ അച്ചനും പോരുക്കര അച്ചനുംകൂടെ പോയി. ആ ഇടങ്ങൾ കണ്ടാറെ വെള്ള സൌഖ്യമുള്ളടത്ത് സ്ഥലസൌഖ്യക്കേടും സ്ഥലസൗഖ്യമുള്ളിടത്ത് വെള്ള സൗഖ്യക്കേടും ആകയാൽ ആ സ്ഥലങ്ങളും നല്ലവണ്ണം പിടിച്ചില്ല. അവിടെനിന്നു കുടമാളൂർ ആററിൽ വന്നപ്പോൾ കുടമാളൂർ പള്ളിക്കു കിഴക്കു ഉയർന്നതിൽ പുഴയരികിൽ ഒരു കുന്നു കണ്ടു. അവിടെ കയറികണ്ടപ്പോൾ സ്ഥലസൗഖ്യംകൊണ്ടും പുഴയരികിലാകകൊണ്ടും ആയതു തന്നെ കൊള്ളാമെന്നു് നിശ്ചയിച്ചു. ഏറിയ ബുദ്ധിമുട്ടുകളെ കഴിച്ചു ആ സ്ഥലത്തു ഒരു പള്ളി വയ്ക്കുന്നതിനു വിചാരണ കഴിക്കുന്നതിനു ദിവാൻജിയുടെ ഉത്തരവു തഹസിൽദാക്കു അയപ്പിച്ചു, തഹസിൽദാരു കരക്കാക്കു് ശീട്ടു എഴുതി വരുത്തി വിചാരണ കഴിച്ചാറെ മേലെഴുതിയ പുല്ലുങ്കരിക്കുന്നുംപുറം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമാകകൊണ്ടു് ഊരാഴ്മക്കാർക്കു സമ്മതമില്ലായ്കയാൽ അവിടെ പള്ളി വയ്ക്കുന്നതിനു ഞങ്ങൾ അനുവദിക്കയില്ലെന്നും സങ്കടമുണ്ടെന്നും കച്ചീട്ടു വെച്ചു. ആകയാൽ ഈ കാര്യം പ്രയാസമാകയാൽ സാധിക്കയില്ലന്നു വിചാരിച്ചു.

പിന്നീടു് അതിനു വടക്കുവശത്തു് കുടമാളൂർ ചെറിയ പള്ളിക്കു കിഴക്കു വശത്തുള്ള ഒരു കുന്നുംപുറം വാങ്ങിക്കണം എന്നു വിചാരിച്ചു അതിനു വേല ചെയ്തു. ഇരുപത്തഞ്ചു നോയമ്പിന്റെ തലേ ദിവസം തയ്യിൽ തരകൻ എന്നും, അയാളുടെ അനുജൻ കൊച്ചുപോത്തൻ മാപ്പിള എന്നും അങ്ങനെ രണ്ടു ഗൃഹസ്ഥന്മാരും ഐക്യമത്യമായി പാർത്തുവരുന്നു എന്നും അവരെ കണ്ടു് പറഞ്ഞാൽ അവരു വിചാരിച്ചു നടത്തിത്തരുമെന്നും കരുതി ആ ദിവസം കുർബ്ബാനയും ചൊല്ലി നോയമ്പോടെ തിരിച്ചു് കാര്യങ്ങൾ പറഞ്ഞറിയിച്ചാറെ അച്ചന്മാരു എങ്ങും പോകണ്ടാ എന്നും നമ്മുടെ ഈ കുന്നുംപുറം തന്നെ നന്നു് എന്നും ഇങ്ങനെ ഇതിന്റെ വിശേഷം പറഞ്ഞു്, കയററി കാട്ടിയപ്പോൾ ഇതുതന്നെ കൊള്ളാമെന്നും നിശ്ചയിച്ചു് വേല ചെയ്യുന്നതിനും പറഞ്ഞു തിരെ്യ പോന്നു. മേലെഴുതിയ ഉത്തരവിൻ പ്രകാരം ഏററുമാന്നൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലം

കണ്ണുമൂകം എന്ന കാലായിൽ പള്ളിയും വീടും വയ്ക്കുന്നതിനു സമ്മതമുണ്ടെന്നു കരക്കാരെക്കൊണ്ടു ചീട്ടുവെപ്പിച്ചു. പെ. ബ. അച്ചനു അർത്തുങ്കൽ പാർത്തിട്ടു സുഖക്കേടു ആകകൊണ്ടു കുടമാളൂർ വന്ന് പാർക്കണമെന്നു നിശ്ചയിച്ചു അവിടെ വന്നു പാർത്തു. ഈ അവസരത്തിൽ ഈയിടം വെട്ടിത്തെളിച്ചു ഒരു കുരിശുപുര കെട്ടിച്ച് ബ. മല്പാനച്ചനെകൊണ്ടു അനുവാദം വാങ്ങിച്ചു കുർബ്ബാന ചൊല്ലണമെന്നും ആയതല്ലാഞ്ഞാൽ അതിരമ്പുഴയിൽ വന്ന് കുർബ്ബാനയും ചൊല്ലി ഇവിടെ വന്നു പാർത്തു വേല എടുപ്പിപ്പാൻ കഴിഞ്ഞു വരുന്നതല്ലാ എന്നും ആയതുകൊണ്ടു അച്ചൻ വന്നു ഈ വിവരം ബ. അച്ചനെ ബോധിപ്പിച്ചു അനുവാദം വാങ്ങേണ്ടതിനു വേഗത്തിൽ വരണമെന്നും എന്നോടു പറഞ്ഞയച്ച പ്രകാരം ഞാൻ പള്ളിപ്പുറത്തു ചെന്നു പറഞ്ഞാറെ അച്ചൻ അതിനു സമ്മതിച്ചു. മെത്രാനച്ചന്റെ പക്കൽ വന്നു ബോധിപ്പിച്ചപ്പോഠ കുത്തിമറച്ചു കുർബ്ബാന ചൊല്ലിയെന്നാൽ പിന്നത്തേതിൽ ഉദാസീനതയും വെടിപ്പുകേടും ആയിതീരും, ആകയാൽ എത്രയും വേഗത്തിൽ ചെറുതായിട്ട് ഒരു കുരിശുപുര കല്ലുകൊണ്ടു തന്നെ തീർക്കണമെന്നു കല്പിച്ചു. അപ്രകാരം നിശ്ചയിച്ചു വേലചെയ്യുതുടങ്ങുകയിൽ, ഞങ്ങളുടെ അച്ചനു ചടപ്പാകകൊണ്ടു മലയിൽ വന്നിരിപ്പാനും അതിരമ്പുഴക്കു പോയി ചൊല്ലുവാനും പാടില്ലായ്കകൊണ്ടും പള്ളിപ്പുറത്തു, മെത്രാനച്ചന്റെ കല്പനപ്രകാരം സെമിനാരി നടത്തുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ടും അവിടേയ്ക്കു പോയി.

1831-ാം കാലം ഇടവം 11-ാം നു- പെ. ബ. അച്ചൻ വന്ന് കൊവേന്തയ്ക്കു കല്ലിടാമെന്ന് കല്പിച്ചിരുന്നു. ഈ അവധിക്കു കല്ലിടുവാനും കപ്പേളയിൽ കുർബാന ചൊല്ലുവാനും നിശ്ചയിച്ചിരിക്കുന്നു, എന്നുള്ള അറിയിപ്പു അച്ചന്റെ ശിഷ്യരും സ്നേഹിതരും ആയ പട്ടക്കാർക്കെല്ലാവർക്കും കൊടുത്തയച്ചു. എന്നാൽ ദിവസം അടുത്തുവന്നപ്പോഠ മെത്രാനച്ചന്ന് കൈകാൽ ഒക്കെയും ഒരുതരം വലിയ ചിരങ്ങുണ്ടായതിനാൽ കല്ലിടുന്നതിനുള്ള മനസ്സ് അല്പം തണുത്തു. ആകയാൽ പോരുക്കര അച്ചനും, അച്ചനും, പസ്സാറം പാദ്രി അച്ചനും അധികം സാദ്ധ്യപ്പെട്ടപേക്ഷിച്ചതിനാൽ ഒരു പ്രകാരം സമ്മതിച്ചു കല്ലിടുന്നതിനായി വന്നു. പെ. ബ. മെത്രാനച്ചനു സുഖക്കേടാകയാൽ, പള്ളിപ്പുറത്തച്ചൻ കല്ലിടട്ടെ എന്നും, അച്ചനു പാടില്ലെങ്കിൽ പോരുക്കര അച്ചൻ ആകട്ടെ എന്നും ഇങ്ങനെ അവരുടെ ഉപവിയാലും എളിമയാലും കുറെ തർക്കിച്ചു എങ്കിലും പോരുക്കര അച്ചൻ തന്നെ കല്ലിടുന്നതിനു തീർച്ചപ്പെടുത്തി. ആരുടെ നാമത്തിൽ വേണമെന്നതിനാൽ മൂന്ന് അഭിപ്രായമായി.

യോഹന്നാൻ മാംദാനയുടെ നാമത്തിൽ വേണമെന്നു പെ. ബ. മെത്രാനച്ചനും, ദ്രമ്മനീക്കോസു പുണ്യാളൻെറ നാമത്തിൽ വേണമെന്ന് ഞങ്ങളുടെ അച്ചനും, യൌസേപ്പു പുണ്യവാളൻെറ നാമത്തിൽ വേണമെന്നു പോരൂക്കര അച്ചനും പറഞ്ഞു. ഇതു മൂന്നും പറഞ്ഞു കഴിഞ്ഞപ്പോൾ പെ. ബ. മെത്രാനച്ചനും, ഞങ്ങളുടെ അച്ചനും പോരൂക്കര അച്ചൻെറ നിശ്ചയം തന്നെ എല്ലായിലുംനന്ന് എന്നുവെച്ചു പെ. ബ. മെത്രാനച്ചൻ നിന്നുകൊണ്ടു പോരൂക്കര അച്ചനെക്കൊണ്ടു യൌസേപ്പു പുണ്യവാളൻെറ നാമത്തിൽ കൊവേന്തപ്പള്ളിക്കു അടിസ്ഥാനമിട്ടുവിച്ചു. 1832-ാം കാലം, പെ.ബ. മൌറേലിയൂസ് മെത്രാനച്ചനു പകരം, പെ.ബ. ഫ്രംസീസ്കു ശൌര്യാർ മെത്രാനച്ചൻ വന്നു. അച്ചന്മാരും ചെന്നുകണ്ടു. ഫ്രംസിസ്ക്കോസ് ശൌര്യാർ മെത്രാനച്ചൻ, പോരൂക്കര അച്ചൻ മാന്നാനം വിട്ടു കായംകുളം പിള്ളത്തോപ്പു ഇങ്ങനെ കൊല്ലം മിസ്സത്തിലുള്ള പള്ളികളിൽ വികാരിയായിട്ടു പോകണമെന്നു ഒരു കല്പന പൊരൂക്കര അച്ചനു അയച്ചു. ഇതിനാൽ ഈ ദേഹം മല്പാനച്ചൻെറ പക്കൽ വന്ന് ആലോചിച്ചു. എങ്കിലും മേല്പട്ടക്കാരുടെ കല്പന ദൈവത്തിൻെറ തിരുമനസ്സാകയാലും പക്ഷെ നമ്മുടെ ചൊല്ലുവിളി പരീക്ഷിപ്പാനായിട്ടു തന്നെ കല്പിച്ചതൊ എന്നും അറിവാൻ വഹിയായ്കയാലും ഞങ്ങളുടെ സങ്കടം പറയാതെ പോകണമെന്നത്രെ എനിക്കും തോന്നുന്നതെന്ന് ആ ദേഹം തന്നെ പറഞ്ഞു. അങ്ങനെതന്നെ ആകട്ടെ എന്ന് മല്പാനച്ചനും പറഞ്ഞ് ആ ദിക്കുകൾക്കു പോരൂക്കര അച്ചൻ പോയി.

അനന്തരം പെ. ബ. മെത്രാനച്ചൻ മല്പാനച്ചനോടു കല്പിച്ച കാര്യങ്ങൾ എല്ലാം എത്രയും വലിയ കീഴ്വഴക്കത്തോടുകൂടെ നിറവേററുന്നതിനാലും, അപ്രകാരം തന്നെ പോരൂക്കര അച്ചൻ കല്പന കേട്ടു തെക്കോട്ടു പോയി വികാരിത്വം നടത്തിയതിനാലും മെത്രാനച്ചനു വളരെ സന്തോഷവും താല്പര്യവും ആയിരുന്നു. അതിനിടയിൽ പോരൂക്കര അച്ചൻ പിള്ളത്തോപ്പു മുതലായ പള്ളികളിൽ വികാരിത്വം കഴിഞ്ഞുവന്നു. ആ ദേഹം കൊല്ലത്തുനിന്നു ഒരു പണിക്കാരനെ കൊണ്ടുവന്നു. അവൻ മരപ്പണിയും കൽപ്പണിയും തിരിയുന്നവനാകയാൽ പള്ളിക്കും പള്ളിയിൽനിന്നു വടക്കോട്ടുമുള്ള മുറികൾക്കും അടിസ്ഥാനമിട്ടു പണി തുടങ്ങി. ഇതിനിടയിൽ അച്ചനോടു പഠിക്കുന്നതിൽ അതിരമ്പുഴക്കാരു ആലഞ്ചേരി എന്നും, വലിയ പറമ്പൻ എന്നും രണ്ടു ശമ്മാശ്ശന്മാരും എളപ്പംകൊണ്ടു അച്ചൻ കൂടെക്കൂടെ വന്നു താമസിക്കയാലും ഇവിടെ പാർത്തു വന്നു. ഇവിടെ അച്ചന്മാരുടെ അഭിപ്രായം രണ്ടായി. മല്പാനച്ചനു പഠിത്വവും ശമ്മാശ്ശന്മാരും കൂടെവേണം. അല്ലാഞ്ഞാൽ

പള്ളിക്കടുത്ത ശ്രുശ്രൂഷ ആഘോഷമായി ചെയ്‌വാനും ജന ങ്ങൾക്ക നമ്മുടെമേൽ താല്പര്യമുണ്ടാകുന്നതിനും കൊവേന്തസ്സ ആളുകളെ കിട്ടുന്നതിനും പാടുണ്ടാകില്ല. ആകയാൽ സെമി നാരിയും പഠിതാവും ഒരു ഭാഗത്തും മറുഭാഗത്തു കൊവേന്ത യും ആയിരിക്ക അത്രെ വേണ്ടതു്, അല്ലാഞ്ഞാൽ ഈ ദിക്കി ലെ മുറസ്സ നടക്കുന്നതിനു പ്രയാസം. പോരൂക്കര അച്ചന്റെ അഭിപ്രായം, സെമിനാരിആയിട്ടു പഠിപ്പിച്ചുവന്ന സ്ഥല ങ്ങൾ മിക്കതും കാലദീർഘംകൊണ്ടു് നശിച്ചു വീണത്രെ കണ്ടുവരുന്നതു്. ഇവരെ ചൊവ്വെ വളർത്തികൊണ്ടു പോകു ന്നതിനു പ്രയാസം. കൊവേന്ത എന്ന വാക്ക വച്ചതിനാൽ ദൈവശരണമല്ലാതെ മാനുഷശരണം നോക്കുന്നതായാൽ നേരെ വിഘ്നവും ആണു്. എന്നുവരികിലും പോരൂക്കര അച്ചൻ മല്പാനച്ചന്റെ മനസ്സിനും ആഗ്രഹത്തിന്നും കീഴ്‌വ ഴങ്ങി. ആയതിനാൽ ഈ ശമ്മാശ്ശന്മാരും മാന്നാനത്തുതന്നെ പാർത്തു വന്നു. വടക്കോട്ടുള്ള മുറിയുടെ താഴത്തെ മുറിയിൽ ഒരു പ്രകാരം പാർപ്പാറായി. അപ്പോൾ മല്പാനച്ചനു അർശ്ശ സിന്റെ ചടപ്പാൽ ക്ഷീണിച്ചും മാന്നാനത്തു വന്നാൽ അധി കമായി തണുപ്പുകാററാൽ താമസിപ്പാൻ പാടില്ലാതെയും ആകയാൽ ഏറിയതും പള്ളിപ്പുറത്തു തന്നെ പാർത്തു. ക്രമേ ണ വടക്കോട്ടുള്ള മുറിയുടെ മുകളിലത്തെ തട്ടിലും പാർപ്പാ റായി. ചിലരൊക്കെയും പഠിപ്പാനായി വന്നുകൂടി. ഒരു മു ഴുവൻ ധ്യാനം കഴിഞ്ഞശേഷം കൊവേന്തസ്സായി പഠിപ്പാൻ മനസ്സുള്ളവർ ആരാനുമുണ്ടെങ്കിൽ അറിയിക്കണമെന്നും, അ വരു മുകളിൽ പാർക്കുകയും മററവരു താഴത്തു പാർക്കയും വേണമെന്നും പറഞ്ഞു. ഇതിന്മേൽ ചിലർക്ക ഇഷ്ടക്കേടാ യി. മല്പാനച്ചന്റെ പക്കൽ, മല്പാനച്ചൻ ഇവിടെ ഇല്ലാത്ത സമയത്തിൽ പോരൂക്കര ഗുണദോഷത്താൽ ഞങ്ങളെ താഴ ത്തിറക്കി, ഏതാനും പേരെ മുകളിലും കേററി ഇരുത്തി എന്നും മററും സങ്കടം ബോധിപ്പിച്ചു. ഞാൻ മല്പാനച്ചന്റെ പക്കൽ ചെന്നപ്പോൾ മല്പാനച്ചൻ അങ്ങനെയെന്നും, ഇങ്ങ നെയെന്നും ഒന്നും പറയാതെ സാരമില്ലാത്ത കാര്യം എന്ന പോലെയാക്കി. മററു കാര്യങ്ങൾ ഒക്കെയും പറഞ്ഞു് വേഗ ത്തിൽ ശേഷമുള്ള പണികൾ ഒക്കെയും തീർത്തു, ആ വടക്കോ ട്ടുള്ളതു് എല്ലാം തട്ടുമിട്ടു ഓടുമിടുവാൻ ഇടയായി എങ്കിൽ കൊള്ളായിരുന്നു എന്നും, ആയതിനു വക എന്തെന്നും ആ ലോചിച്ചു പോരികയും ചെയ്തു.

ഇപ്പോൾ തടിക്ക ഇവിടെ വിലക്കുറവാകയാൽ ധർമ്മം വാങ്ങിക്കുന്നതിനും, തടി വാങ്ങിക്കുന്നതിനുമായി ആരക്കുഴ, മയിലക്കൊമ്പു്, കാരക്കുന്നം, കോതമങ്ങലം മുതലായ

സ്ഥലങ്ങളിൽ ചുററി തടികറം വെട്ടി എറിപ്പിച്ചു പടങ്ങ
മ്മേൽ വെപ്പിച്ചു വഷം തുടങ്ങുമ്പോറം ഇറക്കത്തക്കവണ്ണം
ചട്ടംകെട്ടി പോന്നു. പിന്നെ യാക്കൊയെ വിട്ടു അന്വേ
ഷിപ്പിച്ചും വീണ്ടും തടികഠ ചട്ടംകെട്ടിച്ചുമിരുന്നു. അച്ചനു
ദീനം കൂടുതലാകയാൽ ഞാൻ ഇവിടെയും പള്ളിപ്പുറത്തു
മായി താമസിച്ചു വരികയിൽ, 1841-ാംകാലം മകരം 16ാം-നു-
ശനിയാഴ്ച അതായതു വെള്ളിയാഴ്ച പാതിരാ കഴിഞ്ഞു
ഞങ്ങളുടെ മല്പാനച്ചനും സഭയുടെ സ്ഥാപകനുമായ പള്ളി
പ്പുറത്തു പാലയ്ക്കൽ തോമ്മാച്ചൻ മരിച്ചു. 41-വരെ ദിവസേന
അവിടെ റാസ ചൊല്ലി. പിന്നെയും ഇരുപത്തെട്ടുതോറും
ചൊല്ലി. അവരവരു പാക്കുന്ന ഇടങ്ങളിൽ തിങ്കളാഴ്ചതോറും
ഓരോ റാസയും, 365 കുർബ്ബാനയും ചൊല്ലുവാൻ നിശ്ചയി
ച്ചു, ഈരണ്ടു റാസയും പതിമൂന്നു കുർബ്ബാനയും ഓരോരു
ത്തരു ഏററു നിറവേററി.

നാല്പത്തൊന്നു, ശിഷ്യരുടെ പേക്കു കഴിച്ചു. ആയതിനു
പട്ടക്കാരുടെ പേക്കു 120 ചക്രവും ശമ്മാശ്ശന്മാരുടെ പേക്കു
60 ചക്രവും വീതം എടുത്തു. ഇതുകൊണ്ടു നാല്പത്തൊന്നും
കഴിച്ച് മൂവായിരം ചക്രം കുർബ്ബാനയും ധർമ്മവും വകയ്ക്കു
കൊവേന്തയിൽ ഇട്ടിരുന്നു. കവറടക്കത്തിനു പള്ളിപ്പുറം, മുട്ടം
വെച്ചൂർ, തത്തമ്പിള്ളി, ആലപ്പുഴ, ചേന്നങ്കരി, ചമ്പക്കുളം,
എടതപ ഇങ്ങനെ എട്ടു ദർശനക്കാരും അവരുടെ കുരിശു മു
തലായ കോപ്പുകളും തയിക്കാട്ടുശ്ശേരി, ചെമ്പു, പറവൂർ,
കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ ഇങ്ങനെയുള്ള ഇടവക
അവരുടെ കോപ്പുകളും കൊണ്ടുവന്നു. അന്നത്തെ പെട്ടകം,
മെഴുകുതിരി, പള്ളിക്കാരുടെ ചെലവ് മുതലായതൊക്കെയും
പഴെകടവിലച്ചനും, മുട്ടത്തുകാരൻ യോഹന്നാൻ കത്തനാര
ച്ചനും കൂടെ ചെലവിട്ടു. യോഹന്നാൻ കത്തനാരച്ചൻ പ്രത്യേ
കം ഉത്സാഹവും, താല്പര്യവും വെച്ചതിനാൽ ഒന്നിനും കുറ
വുകൂടാതെ എല്ലാം ശുഭമായി പര്യവസാനിച്ചു.

ക. നി. മൂ. സഭക്കാരുടെ അടിസ്ഥാനക്കാരനും

രണ്ടാമത്തെ ശ്രേഷ്ഠനുമായ കല്ലൂക്കാട്ടു പള്ളി ഇടവകക്കാരൻ

പോരൂക്കര പെ. ബ. തോമ്മാ മല്പാനച്ചന്റെ

## ചരിത്രം

(പെ. ബ. പ്രിയോർ കുരിയാക്കോസച്ചനാൽ എഴുതപ്പെട്ടതു്.)

ഈ ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ഭരണത്തിൻ കീഴുള്ള പ്രധാന പള്ളിയായ കല്ലൂക്കാട്ടു ഇടവകയിൽ പോരൂക്കര തറവാട്ടിൽ ഇട്ടിക്കുരുവിള തരകൻ, മറിയം എന്ന ദൈവഭക്തിയും അറിവും ഗുണശീലവുമുള്ള മാതാപിതാക്കന്മാരിൽ നിന്നു് 1800-ാം കാലം ജനിച്ചു. തന്റെ കൂടപ്പിറപ്പുകളായി നാലു സഹോദരരും മൂന്നു സഹോദരികളും ഉണ്ടായിരുന്നു. ഈ ദേഹം എല്ലാവരിലും മൂത്തവനും പൈതൽ പ്രായത്തിലെതന്നെ എല്ലാവരും സന്തോഷിപ്പാൻ തക്കവണ്ണം പരമാത്ഥം, സാധുത്വം മുതലായ സൽഗുണങ്ങളാൽ തമ്പുരാനും മാനുഷർക്കും ഇഷ്ടമുള്ളവനുമായിരുന്നു. ചെറു പ്രായത്തിൽ എഴുത്തും വായനയും പഠിച്ചു അതിനാൽ പള്ളിയിൽ തന്നെക്കൊണ്ടു വലിയ വേദോപദേശം വായിപ്പിച്ചിരുന്നു. ബുദ്ധി സാമർത്ഥ്യവും ഗുണശീലവും കണ്ടു, പട്ടത്തിനായി പഠിപ്പിക്കണമെന്നു് തന്റെ കാരണവരായിരുന്ന പോരൂക്കര മൂപ്പച്ചനും ശേഷം പേരും നിശ്ചയിച്ചു. അക്കാലത്തിൽ സംബന്ധക്കാരും കീർത്തിപെട്ട മല്പാന്മാരുമായിരുന്നവരു പഠിപ്പിച്ചിരുന്ന വടയാററു സെമിനാരി, കുമരകത്തു സെമിനാരി മുതലായതിലാക്കുവാൻ പലതിനാലും ഇടയുള്ളതായിരുന്നു. എങ്കിലും തന്റെ പിതാവു മഹാ ബുദ്ധിയും, വിശേഷാൽ അധികദൈവഭക്തിയും ജ്ഞാന അറിവുമുള്ളവനായിരുന്നതിനാൽ പഠിനത്തിന്റെമേൽ താല്പര്യംവെച്ചു തമിഴിൽ നിന്നു ജപപ്പുസ്തകം, സുവിശേഷ വിരെത്തുര, മുതലായ പുസ്തകങ്ങൾ താൻ എഴുതിയെടുക്കുകയും പുസ്തകം പിടിച്ചു പൂജ കാണുകയും മററുമുള്ള ജ്ഞാനക്രമത്തിന്റെ തുടക്കക്കാരൻ എന്നപോലെ ആയിത്തീർന്നു. അഞ്ചുതെങ്ങിൽ നിന്നു ഇംഗ്ലീഷ്, പോർത്തുഗീസു് മുതലായ പേച്ചുകൾ പഠിക്കുന്നതിനായിട്ടു് അധികശമ്പളംകൊടുത്തു് മേസ്തിരിയെ വരുത്തി തന്റെയും മററും പൈതങ്ങളെ പഠിപ്പിക്കയും, ദൈവശുശ്രൂഷികൾക്കടുത്ത സ്ഥിതിയിൽ ആയിരിക്കണം പട്ടക്കാരും എന്നുള്ള ആഗ്രഹത്താൽ വരാപ്പുഴ അപ്പസ്തോലിക്കാ സെമിനാരിയിൽ,

പഴെ മുറവിട്ടു അയക്കണമെന്നു നിശ്ചയിക്കയും ചെയ്തു. അതു പ്രകാരം ഞാറസ്സൽ ചെറിയാൻ കുര്യനെന്ന അപ്പസ്തോലിക്കാ മല്പാനച്ചൻ കല്ലൂക്കാട്ടു കണക്കു കേഴംവിക്കായി ചെന്നിരുന്നപ്പോഴം യോഗക്കാരെക്കൂട്ടി അപേക്ഷ അറിയിക്കുകയും എല്ലാവരുടെ സന്തോഷത്തോടുകൂടെ ദൈവാശീർവാദത്തിനായി മൂന്നു പട്ടക്കാരുടെ കുർബ്ബാനയും നടത്തി, മാർ തോമ്മാശ്ലീഹായുടെ അംത്താരയിങ്കൽ നേർച്ചയുംവെച്ചു പ്രാർത്ഥിച്ചുകൊണ്ടു പഠിനവും തുടങ്ങിച്ച് പഠിപ്പാൻ അയക്കയും ചെയ്തു. എന്നാൽ തന്റെ പിതാവിന്റെ ശ്രദ്ധലാക്കിനു തക്കവണ്ണം ലോക പ്രപഞ്ചങ്ങളിലും വീട്ടുകാര്യങ്ങളിലും കലരാതെ ദൈവ ശുശ്രൂഷയിൽ കാലം പോക്കണമെന്നുള്ള ആഗ്രഹപ്രകാരം സെമിനാരിയിൽ തന്റെ മല്പാനച്ചനും യജമാനന്മാരുകൂട്ടുകാരും വിസ്മയിപ്പാനും സന്തോഷിപ്പാനും തക്കവണ്ണം പഠിനകാര്യത്തിലും പുണ്യ ജീവിതത്തിലും ജീവിക്കയാൽ മല്പാനച്ചനും മററും വളരെ പ്രിയവും സമ്മതവും ആയിരുന്നു.

1817-ാം കാലം ഇടവം 1-ാംനു- പത്രോസു ദെൽക്കാന്തര എന്ന ബോംബെയുടെ മെത്രാനച്ചനിൽനിന്നു ആസ്തപ്പാടു ഏററു. 18-ാം വയസ്സിൽ നാലാം പട്ടമായിരിക്കുമ്പോഴം 1818-ാം കാല തന്റെ പിതാവു നാല്പത്തൊന്നു വയസ്സു പ്രായത്തിൽ മരിക്കയാൽ എല്ലാംകൊണ്ടും വളരെ വ്യാകുലം അനുഭവിച്ചു. ചെറിയ പട്ടങ്ങഴം ഉള്ള കാലത്തിൽതന്നെ നാളാഗമം അതായതു, വൎത്തമാനങ്ങഴം എഴുതിവന്നിരുന്നു. പടാത്ഥയും നിത്യമായിട്ടെന്നപോലെ എല്ലാവർക്കും വളരെ സന്തോഷമാകാൻ തക്കവണ്ണം പുത്തൻ കുർബ്ബാനകഴക്കും, തിരുനാളുകഴക്കും മല്പാനച്ചൻ പറയിച്ചിരുന്നു. പൊതുപ്പരീക്ഷകളിൽ ജയിച്ചിരുന്നു. ഉത്സാഹം ഇത്രയും അധികവും സഭയിൽ അധിക ശോഭയും ഉണ്ടായിരുന്നു. 1823-ാം കാലം കന്നിമാസം 22-ാംനു- കുർബ്ബാനപ്പട്ടമേററു. ടി. തുലാമാസം 26-ാംനു- ഞായറാഴ്ച ഘോഷത്തോടുകൂടെ പുത്തൻ കുർബ്ബാന ചൊല്ലുകയും ചെയ്തു. ഉടൻ തന്റെ ഇടവകയാകുന്ന കല്ലൂക്കാട്ടു വികാരിയായി.

ആ കാലങ്ങളിൽ പട്ടക്കാരു ളോവ ഉടുത്തു നടക്കുക മര്യാദ ഇല്ലായിരുന്നു. എങ്കിലും വരാപ്പുഴ സെമിനാരിയുടെ മുറസ്സു പട്ടമേററ നാഴംമുതൽ താൻ അപ്രകാരം ക്രമത്തോടെ നടന്നുവന്നു. അക്കാലത്തിൽ വളരെ പട്ടക്കാരു വയസ്സും പ്രായവും ചെന്നവരായി ഉണ്ടായിരുന്നു. എങ്കിലും തന്റെ സാധുതചത്താലെയും വിവേകത്താലെയും വഴക്കുകഴക്കും മററും ഇടവരാതെ പലപല നല്ല മര്യാദകളെ നടത്തുകയും പൂർവിക അപമര്യാദകളെ നീക്കുകയും ചെയ്തു. അക്കാലത്തിൽതന്നെ റബേക്കുകൊട്ടും

പാട്ടുകളും പഠിപ്പിക്കുന്നതിന്നായി തെക്കുനിന്നു ഒരു മേസ്തിരിയെ കൊണ്ടുവന്നു് തന്റെ സഹോദരരു മുതലായി പലരെയും പഠിപ്പിച്ചു. പള്ളിയിൽ പാട്ടുകളും കൊട്ടുകളും നടന്നു. ആകാലം പള്ളിപ്പുറത്തും നടന്നു. സെമിനാരിയിൽ വെച്ചുതന്നെ ബുധൻകിഴമ (ബുധനാഴ്ച) പ്രസംഗം വായിച്ചു. യൌസേപ്പുപിതാവിന്റെമേൽ ഭക്തിയായിരുന്നതിനാൽ ആ ഭക്തി വദ്ധിപ്പിക്കുന്നതിലേക്കായി ഒരു സഭക്കൂട്ടമുണ്ടാക്കി, ബുധനാഴ്ചതോറും കൂടി ഓരോ പ്രസംഗം വായിക്കയും ചില ജപങ്ങൾ എത്തിക്കയും ചെയ്തിരുന്നു. ഒരു സ്വരൂപം വാങ്ങിക്കുന്നതിന്നായി ഓരോ ചക്രം പിരിച്ചു കീർത്തിപെട്ട പണിക്കാരനായിരുന്ന കൊച്ചുകുട്ടി മേസ്തിരിയെ ഏൾപ്പിച്ചിരുന്നതു മാന്നാനത്തിൽ കൊവേന്ത തുടങ്ങിയപ്പോൾ വന്നുചേൻ്നു. ആയതു പ്രധാന അൾത്താരയിൽ ഇരിക്കുന്നു. ഈ ഭക്തി വഴിയായിട്ടു കല്ലൂക്കാട്ടും പെരുനാൾ തുടങ്ങി, തന്റെ ആഗ്രഹംപോലെ അനേകകാലം വീട്ടുകാരു നടത്തി. ഇപ്പോൾ കൊമ്പരിയായി സ്ഥാപിച്ചു എത്രയും പ്രബലപ്പെട്ടു. ഞായറാഴ്ചതോറും പള്ളികളിൽ പടാത്ഥം പറയുന്ന ക്രമവും തന്നാലെ തുടങ്ങിയതുപോലെയായിരിക്കുന്നു. രണ്ടുവർഷം കല്ലൂക്കാട്ടു വികാരിത്വം ഭരിച്ചശേഷം അതായതു, 1827_ാം കാലം ചിങ്ങം 15-ാംനു- മുതൽ തങ്കച്ചേരി പുത്തമ്പള്ളിയുടെ വികാരിയായി കല്പിക്കയാൽ അവിടെ വികാരിയായി. ആ ദേശക്കാരു എല്ലാവരും വിസ്മയിക്കാൻ തക്ക പുണ്യമാതൃകയാലും ജ്ഞാന പടാത്ഥകളാലും ഏററിക്കപ്പെട്ട ഉത്സാഹത്താലും, നല്ല ഭരിപ്പു ഉണ്ടായിട്ടില്ലാ എന്നിരിക്കുന്ന ആ ദിക്കിൽ, ഇടിയാലെ ഭൂമി ഇളകി പഞ്ചഫലാദികളെ മുളപ്പിക്കുന്നതുപോലെ, ഏററിയ കാലമായി കുമ്പസാരിക്കാതിരുന്നവരെയും ഏററിയ ദുന്നടപ്പുകാരെയും വലിയവരായിട്ടും ചെറിയവരായിട്ടുമുള്ളവരെയും ദൈവഭയത്താൽ ഇളക്കി ഭക്തിക്കാരാക്കി. ഇന്നും ആ ഓർമ്മ വിടാതെ ഭക്തിക്കാരായിരിക്കുന്നവരുമുണ്ടു. ശനിയാഴ്ചതോറും കൂട്ടമായിട്ടു വരുന്ന ഭിക്ഷക്കാക്കു സൽബുദ്ധി പറഞ്ഞു കൊടുത്തു് അവരോടുകൂടെ പള്ളിയിൽപോയി അൻപത്തുമൂന്നുമണി എത്തിച്ചിട്ടു ഭിക്ഷ കൊടുത്തയച്ചിരുന്നു. നിത്യവും സന്ധ്യാസമയം പൈതങ്ങൾ പള്ളിയിൽ വരുന്നതിനു ചട്ടമിട്ടു പ്രാത്ഥന നമസ്കരിച്ചിരുന്നു. കുമ്പസാരിപ്പാൻ വരുന്നവക്കു ആസ്ലപ്പാടു ചൊല്ലിക്കൊടുത്തു കുമ്പസാരിപ്പിച്ചിരുന്നു. അടുക്കലടുക്കെ ഭക്തിയായിട്ടു കുമ്പസാരിച്ചുവരുന്ന മുറ അവിടെ തന്നിൽനിന്നു തുടങ്ങിയപോലെ തോന്നുന്നു. അതെന്ത്യേ, ഈ എഴുത്തുകാരൻ പുസ്തകം എടുത്തു മാററിവെപ്പാൻ പാടില്ലാത്ത ചെറുപ്രായത്തിൽ കർബാനയ്ക്കു കൂടുന്നതു പഠിച്ചു, അപ്പോൾ ഈ വേലയ്ക്കായി അവിടെ പാ

ത്തിരുന്നു. കണ്ണാലെ ഇതൊക്കയും കണ്ടതുപോലെ ആയിരിക്കുന്നു, തന്റെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നേഹാധിക്യത്താലെ ഞായറാഴ്ച തിരുനാളുകളിൽ മഹാഎരിവോട്ടുകൂടെ പറഞ്ഞുവന്നിരുന്ന പടാൎത്ഥകളാലും പുണ്യജീവിതത്താലും പോൎത്തുഗീസ് ഭാഷ സെമിനാരിയിൽ വെച്ചു പഠിച്ചിരുന്നതുമല്ലാതെ കുർബാന ഒഴികെ ശേഷമുള്ള വേസ്പര, കുമ്പഞ്ഞിമേന്ത് മുതലായ കർമ്മങ്ങൾ ലത്തീനിൽ നടത്തിവന്നതിനാലും വിശേഷമായ തന്റെ ഭരിപ്പാലും ആ ദിക്കുകാൎക്കു ഒക്കയ്ക്കും ബഹു സമ്മതമായിരുന്നു. ഇതിനും പുറമെ പെ ബ. മണുവേൽ ഗോവണ്ണദോരെച്ചനും, വികാരി ജനറാൾ യൂസേമരിയാ പാദ്രി അച്ചനും, കൊല്ലം, തുയം മുതലായ പള്ളികളിലുള്ള പ്രധാനികൾക്കും, ആ കാലത്തിൽ ദിവാൻ കച്ചേരിയും, റസിഡണ്ടു ആപ്പീസും കൊല്ലത്തു് ആയിരുന്നതിനാൽ ഏറിയ ഉദ്യോഗസ്ഥന്മാരായി തങ്കച്ചേരിയിലും മററും ഉണ്ടായിരുന്നതിനാൽ ആയവൎക്കൊക്കയ്ക്കും വളരെ സമ്മതമായിരുന്നു. ലോകപ്രപഞ്ചമല്ലാതെ ജ്ഞാന ജീവിതം അറിയാത്തപോലെ ഇരുന്ന രാജ്യം ഒന്നു പകന്നു. മേസ്തർ ലേദീസിന്റെ വീട്ട, മേല്ലൊ എന്ന വീട്ട മുതലായതു മഠങ്ങൾപോലെ ആയിത്തീൎന്നു.

പിതാവു മരിച്ച മുഖാന്തരം ഒരു മനോഗുണപ്രവൃത്തി എന്ന പോലെ പുത്തൻകുർബാന ചൊല്ലിയതു മുതൽ തള്ളയെയും കൂടപ്പിറപ്പുകളെയും സന്ധിച്ചും പരിപാലിച്ചും പഠിപ്പിച്ചും നടത്തിവന്ന ഒരു ഭാരം തന്നിൽ നിന്നു ഒഴിഞ്ഞുപോകുംവണ്ണം നടന്നു പോകണമെന്നുള്ള താല്പര്യത്താലും, പിതാവു ഉദ്യോഗസ്ഥനായിരുന്നതിനാൽ അനുജന ആയതിന്മേൽ ആഗ്രഹമായിരിക്കയാലും, റസിഡൻസിയിൽ ഒന്നാം റയിട്ടരായിരുന്ന മേസ്തർ ദൊന്നോ, രണ്ടാമത്തവൻ ലേവീസ് ഇവരു ഇങ്ങോട്ടു പറകയാലും റസിഡൻണ്ടു് ആഫീസിൽ രായസമായിട്ടു അനുജൻ അന്തോനിയെ ആക്കി. ലോകപ്രപഞ്ചത്തിൽ മോശമായിപ്പോകാതിരിപ്പാൻ സൂക്ഷത്തിന്നായി ലേദീസാദരയെ ഏല്പിച്ചു.

ഇങ്ങനെ ഏറെക്കുറെ രണ്ടു വൎഷത്തോളം തങ്കച്ചേരിയിൽ ഇരിക്കുമ്പോൾ എ.പെ.ബ. മൌറലേ്യാസു മെത്രാനച്ചൻ വരാപ്പുഴ ഇൻന്തരീനാ വികാരി അപ്പസ്തോലിക്കാ ആയിട്ടു വരികയും പാലക്കൽ തോമ്മാ മല്പാനച്ചന്റെയും, സ്നേഹിതൻ പസ്സാൽ പാദ്രിഅച്ചന്റെയും താല്പര്യത്താൽ സെക്രത്താരി വേലക്കായിട്ടു കല്പനവരികയാൽ 1828_ാം കാലം മീനമാസം 16_ാംനു-വരാപ്പുഴ ചെന്നുചേൎന്നു. ആ വേലയിൽ പാൎത്തിരിക്കുമ്പോൾ സെമിനാരിയിൽ പാൎത്തിരുന്ന കാലത്തിൽത്തന്നെ, പള്ളിപ്പുറത്തു് ഞങ്ങളുടെ വലിയ പിതാവു തോമ്മാ മല്പാനച്ചൻ ഒരു

ജ്ഞാന സൂര്യനെപ്പോലെ പെ.ബ. തയ്യിൽ അബ്രാഹം മല്പാന ച്ചനോട പഠിച്ച് കുറെനാറം പാൎത്തിരുന്നു. അപ്പോഠം തന്നോ ടുള്ള അടുപ്പവും സ്നേഹവും തുടങ്ങി. പിതാവായിട്ടും മഹാ സ്നേ ഹിതനായിട്ടും സ്നേഹിച്ചുവന്നു. ഈ മെത്രാനച്ചൻ അവരുടെ അവസ്ഥയും ഗുണശീലവും കണ്ട് മഹാ പുണ്യവാനായിരുന്ന താൻ ഇവരെ ഏററവും സ്നേഹിച്ച് വിശേഷ കാര്യങ്ങഠക്കു വരുത്തി ആലോചിച്ചിരുന്നു. അവിടെവച്ചു വലുതായ ഒരു പനി ഉണ്ടായി എങ്കിലും ദൈവസഹായത്താൽ പൂൎണ്ണ സൌ ഖ്യം പ്രാപിച്ചു. വരാപ്പുഴ എല്ലാഞായറാഴ്ചകളിലും തിരുനാളു കളിലും വിസീത്തയ്ക്കു പോകുമ്പോഠം എല്ലാ പള്ളികളിലും പടാത്ഥ, തന്നെക്കൊണ്ടു പറയിച്ചിരുന്നു.

ഇങ്ങനെ നടന്നു വരുമ്പോഠം അഞ്ഞൂററിക്കാൎക്കു പട്ടം കൊടുത്തുകൂടാ എന്ന് എഴുനൂററിക്കാരു കൂട്ടമായി വിരോധി ക്കയാൽ പെ. ബ. മെത്രാനച്ചനു സങ്കടമായി, ഇപ്രകാരം ഉള്ള വരെ ഭരിക്കുന്നതു കഴിയുന്നതല്ല, പോകണമെന്നു നിശ്ചയി ച്ചിരിക്കുന്ന ഭാവം അറിഞ്ഞു. പള്ളിപ്പുറം സെമിനാരിക്കാരു മുതലായ ശെമ്മാശ്ശന്മാരും, പള്ളിക്കാരും, അഞ്ഞൂററിക്കാരും പോകരുതെന്നും, ഏതു പള്ളിയിൽ എങ്കിലും ഇരിക്കാമെന്നും എല്ലാവരുംകൂടെ മുട്ടിക്കയാൽ അൎത്തുങ്കൽ പള്ളിയിൽ വന്നു താമസിച്ചു. ഇങ്ങനെയിരിക്കയിൽ ഇവരുടെ ഉള്ളിൽ അനേക കാലമായി കരുതിയിരുന്ന അപേക്ഷ മെത്രാന ച്ചനെ ബോധിപ്പിച്ച ഉടൻ മെത്രാനച്ചൻ എത്രയും തെളിഞ്ഞു സന്തോഷിച്ചു, ഈ മലയാളത്തിൽ പൂൎവ്വം മുതൽ ക്രിസ്ത്യാനി കഠം ഉണ്ടായിരുന്നിട്ടും ഈ കാലംവരെ ജ്ഞാനജീവിതത്തി നായിട്ടു തപസ്സു ഭവനം ഇല്ലാത്തതിനാൽ ദൎശനമഠം പണി യിക്കുന്നതിനും സന്ന്യാസജീവിതം ആരംഭിക്കുന്നതിനും ആയിട്ടു് ഇവരിരുവരെയും നിയമിച്ചിരിക്കുന്നതാകയാൽ ഇതിന്നു വേണ്ടിയ സഹായം ചെയ്യണമെന്നും മററും തന്റെ കയ്യെഴുത്താലെ പസ്സേന്തിയും ഇരുനൂറു രൂപായും 1829-ാം കാ ലം കൊടുത്തു.

പസ്സേന്തി കിട്ടിയ ഉടൻ, ആററുവഴിയായി പല സ്ഥല ങ്ങളും അന്വെഷിച്ചാറെ ഓരോ കാരണത്താൽ തക്കതായി കണ്ടെത്താതെ തിരിയെ വന്നു അവരവരുടെ വേലയിൽ താമ സിച്ചു. പസ്സേന്തി കല്ലൂൎക്കാട്ടു പള്ളിയിൽ കാണിച്ചിട്ടു ഇരുനൂറു രൂപായ്ക്കു ആയിരപ്പറ നെല്ലു കൊടുക്കത്തക്കതി ൻവണ്ണം സമ്മതിച്ചു പസ്സേന്തിയിൽ കുറിച്ചു. കോയിൽമുക്കു പള്ളിയിൽ കാണിച്ചിട്ടു പതിനായിരം ചക്രം തരാമെന്നു കുറിക്കുകയും, ഉടൻതന്നെ പതിനായിരം ചക്രം അവൎക്കു കൊ

ടുക്കുകയും ചെയ്തു. അനന്തരം ഇവർ രണ്ടുപേരുംകൂടെ പള്ളിപ്പുറത്തുനിന്നു തെക്കോട്ടു പുളിങ്കുന്നിൽ ചെന്നു് പുളിങ്കുന്നു പള്ളിക്കാരുമായിട്ടു പറഞ്ഞു് ആയിരപ്പറനെല്ലു് അവർ കൊടുക്കത്തക്കതിൻവണ്ണം കുറിക്കയും, അപ്പോഠം തന്നെ ഇരുന്നൂറു പറനെല്ല കൊടുക്കുകയും ചെയ്തു. കുടമാളൂർ കണ്ടെത്തിയ സ്ഥലത്തിനു് ഉത്തരവു വരുത്തിയെങ്കിലും പട്ടേരി മുതലായവരുടെ വിരോധത്താൽ നടക്കാതെ ആയി. ഇങ്ങിനെ പലതിനാലും മനസ്സു തളർന്നു, അതിരമ്പുഴ കുരിശുപള്ളിപോലെ ഒതുക്കമുള്ള ഒരു സ്ഥലമുണ്ടായാൽ അവിടെ അടക്കമായി ഇരുവരുംകൂടി പാൎത്തു കാലം കഴിക്കാമായിരുന്നു എന്നുകൂടെ വിചാരിച്ചു. അപ്രകാരം ഒരാണ്ടിൽ അധികം വിഷാദത്തിൽ കഴിച്ചു. പിന്നെ സെക്രത്താരിവേലസ്സു വേറിട്ടു ആളെ ആക്കിയുംവച്ചു പുറപ്പെട്ടു ഏററിയനാഠം ബുദ്ധിമുട്ടി, കടശിയായി ഈ സ്ഥലം കണ്ടെത്തി. മണ്ടപത്തുംവാതുക്കൽ ഒളശെ മുതൽപിടിക്കാരൻ മുതലായവരുടെ സഹായത്താൽ മുമ്പിലത്തെ ഉത്തരവുതന്നെ ഇതിനു് ഉപയോഗപ്പെടുത്തി. വിചാരണയും മററും തരകൻ മുതൽപേരുടെ സഹായത്താൽ നിറവേററി. തഹശിൽദാരുടെ സാധനവും വാങ്ങിച്ചുംകൊണ്ടു് താൻതന്നെ കൊല്ലത്തിനുപോയി. പള്ളിവസ്സുന്നതിനു കയ്യിൽ ഉത്തരവും വാങ്ങിച്ചുകൊണ്ടുവന്നു. മുൻപിനാലെതന്നെ പ്രിയോരു കുറിയാക്കോസു ഏലിയാ അച്ചനും ഈ പിതാക്കളുടെ വേലയിൽ ഉഠംപ്പെട്ടു് ഈ ദൈവവേലസ്സായി പല യാത്ര കഴിച്ചു വളരെ ബുദ്ധിമുട്ടുകയും ഒന്നാമത്തെ കുർബാനയിൽ അപേക്ഷിക്കയും പുത്തൻ കുർബാന ചൊല്ലിക്കഴിഞ്ഞ ശേഷം കുറെനാഠം ചേന്ദങ്കരി, പുളിങ്കുന്നു ഈ സ്ഥലങ്ങളിൽ താമസിച്ചു പള്ളിപ്പുറത്തു ചെന്നു, അവിടെനിന്നു് ഇങ്ങോട്ടു വന്നപ്പോഠം ഉത്തരവു കിട്ടിയിരിക്കയാൽ താമസപ്പെട്ടാൽ യോഗ്യം. ഇപ്പോഠംതന്നെ വെട്ടിത്തെളിച്ചു കുരിശുവച്ചു കപ്പേളസ്സു പണി തുടങ്ങണമെന്നു നിശ്ചയിച്ചു ദൈവാനുകൂലത്താൽ ചീട്ടും വാങ്ങിച്ചു വെട്ടിത്തെളിച്ചു. 1831-ാം കാലം മേടമാസത്തിൽ ഉയർപ്പിൻെറ ശേഷം ഘോഷത്തോടുകൂടെ കുരിശുംവച്ചു കപ്പേളസ്സു പണി തുടങ്ങുകയും ചെയ്തു.

കുരിശുവച്ചു ഘോഷത്തിനു കൂടിയിരുന്നതിൽ പാലാക്കാരൻ ഉള്ളാടുതറ ശമ്മാശ്ശുൻെറ അനുജൻ ഒരു പൈതൽ ഉണ്ടായിരുന്നു. സന്ധ്യ കഴിഞ്ഞ സമയം ലുത്തനിയാ ചൊല്ലിയ ഉടൻ അവൻെറ കാലിൽ ഏതാണ്ടു കടിച്ചുപ്രകാരം അറിയിച്ചു. ഉഷ്ണവും പുകച്ചിലും വ്യസനവും ഉണ്ടായി കാണുകയാൽ താഴത്തോട്ടു കൊണ്ടുപോകുവാൻ പറഞ്ഞു. നാലാറു ചുവടു നടന്നപ്പോഠം നടപ്പാൻ പാടില്ലാതെയാകയാൽ ഒരു പ്രകാരം താഴത്തിറക്കി കളപ്പുരയിൽ ചെന്ന ഉടൻ പോരുക്കര

അച്ചൻ ഹന്നാൻവെള്ളം അവൻെറമേൽ തളിച്ചുകൊണ്ടു് എല്ലാവരും അപേക്ഷിക്കണമെന്നും വിഷഹാരികളെക്കൊണ്ടു യാതൊന്നും ചെയ്യിക്കണ്ടാ എന്നും പറഞ്ഞതിൻവണ്ണം ഒന്നും ചെയ്യാതെ സൌഖ്യമാകുകയും ചെയ്തു.

പെ. ബ. മെത്രാനച്ചൻ കളിപ്പാനായിട്ടു വന്നു് കുടമാളൂർ പാർത്തിരിക്കുന്നതിനാൽ കല്ലിടുന്നതിനു് നല്ല സമയം എന്നു നിശ്ചയിച്ചു ആ ഇടവം 11-ാംനു- അഗതിതപത്തിന്നടുത്തതായി മലമുകളിൽ തരകനോടു മേടിച്ച ഒരു മുളംകൂട്ട നാലു കാട്ടുതൂണുകളിൽ നിറുത്തി കെട്ടിമേഞ്ഞു പനമ്പുകൊണ്ടു രണ്ടുമുറിയായായിട്ടു കുത്തിമറച്ചു ആസ്ഥമാക്കി. ആയതിൽ എകരപ്പെട്ട പിതാവു് ഒരു രാത്രി പാർത്തു. പിറെറദിവസം പെ. ബ. തോമ്മാച്ചൻെറ മനസ്സിനു മെത്രാനച്ചനും മല്പാനച്ചനും സമ്മതിച്ചു് യൌസേപ്പു പിതാവിൻെറ നാമത്തിൽ കല്ലിടുകയും ചെയ്തു. അപ്പോൾതന്നെ പിതാവിനെ കുടമാളൂരേക്കു യാത്രയാക്കിയും വച്ചു, താൻ അതിരമ്പുഴ പോയി ചൊല്ലുകയും ചെയ്തു.

എന്നാൽ ഇതിനിടയിൽ ഈ കാര്യം പ്രമാണിച്ചു കഴിച്ച യാത്രകളും ചെയ്ത ബുദ്ധിമുട്ടു പ്രയാസങ്ങളും വളരെ ആയിരിക്കുന്നു. ഈ പന്തലിൽ പാർത്തുകൊണ്ടും, അതിരമ്പുഴയും മററും പോയി ചൊല്ലിക്കൊണ്ടും, എത്രയും ഉത്സാഹത്തോടുകൂടെ കപ്പേള മുഖിയാക്കി. അമ്പതാം പെരുന്നാളിൽ അതിൽ ചൊല്ലി. ഒന്നാമതായി പിതാവിൻെറ തിരുനാൾ ഘോഷമായി കൊണ്ടാടി. ഈ തിരുനാളിൻെറ രണ്ടു ദിവസം മുമ്പു കുറിയാക്കോസ് ഏലീശാ എന്ന ഈ എഴുത്തുകാരനും (അതിരമ്പുഴ ഏറിയനാൾ പാർത്തുകൊണ്ടു സ്ഥലം അന്വേഷിച്ചപ്പോൾ കൂടെ ഉണ്ടായിരുന്നു.) തൻെറ സാമാനങ്ങളായ മേശ, കസേര മുതലായ കൂട്ടങ്ങൾ കൊണ്ടുവന്നപ്പോൾ ജ്യേഷ്ഠന്മാരോടുകൂടെ വന്നു് കടലാസുകൊണ്ടു കത്ത്സാൾ മുതലായതും മററും ഉണ്ടാക്കി. തിരുനാൾ കഴിഞ്ഞുടൻ പഠിപ്പാനും തുടങ്ങി, പള്ളിവേലയും നടത്തി, അന്നുമുതൽ ബേസ്റൌമ്മായിൽതന്നെ ഞാൻ പാർത്തുവന്നിരുന്നു.

തങ്ങളുടെ ആഗ്രഹം ഒരുപ്രകാരം നിറവേറിയ ഉടൻ ഇവരുടെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ഭക്തിയുടെ ജ്വാല പൊങ്ങുവാൻ തുടങ്ങി. അരൂപിയ്ക്കടുത്ത നമസ്കാരങ്ങളും, ധ്യാനങ്ങളും, നോയമ്പു, ഉറക്കമൊഴിച്ചിൽ, എത്രയും നീളിക്കപ്പെട്ട ഹുദറാ നമസ്കാരം, മൂന്നുനോയമ്പിൻെറ നമസ്കാരം മുതലായതുകളും ഞായറാഴ്ച പെരുന്നാളുകളിൽ റാസ, പാട്ടുകുർബാന മുതലായതുകളും പടാത്ഥയും വിശേഷ പെരുനാളുകളിൽ പാട്ടുകുർബാന മുതലായതുകളും ഉണ്ടായിരുന്നു. പണിക്കാര്യ

ത്തിൽ വേലക്കാരോടുകൂടെ വേലകരം ചെയ്കയും, ചിലസമയം രാത്രിയിൽ, കക്കാ, കല്ല് മസൂമോറാ പാടിക്കൊണ്ടു ചുമക്കുകയും, എല്ലാപ്പോഴും പണിക്കാരുടെ അടുക്കൽ ഓരോരുത്തരു മാറാതെ വേല ചെയ്യിപ്പിക്കയും ചെയ്തിരുന്നു. യാവന സൂക്ഷിക്കുമ്പോഠം എത്രയൊ ഞെരുക്കമായിട്ടും കിടപ്പാൻ സ്ഥലമില്ലാതെ മഹാ ബുദ്ധിമുട്ടായിട്ടും കഴിച്ചതു് എങ്ങനെ എന്നു് ഓർത്താൽ എത്രയൊ വിസ്മയം ആയിരിക്കുന്നു.

വലിയച്ചനു ശരീരസൌഖ്യം ഇല്ലാതെയും ഈയിടത്തിൽ മുട്ടിച്ചു പാക്കാൻ പാടില്ലാതെയും, അന്നു പ്രിയോരച്ചനു് ചെറുപ്പമാകകൊണ്ടും പുറത്തോട്ടു ഇറങ്ങി ശീലമില്ലായ്കയാലും ബേസ്റൌമ്മായിൽ പാത്തുകൊണ്ടു പണി നടത്തുകയും ചെയ്തിരുന്നു. ഇതിനാൽ താൻതന്നെ മഹാ പരാക്രമത്തോടെ സർവ വേലകളും അതായതു ഉച്ചക്കുർബാന, പടാത്ഥ, പാട്ടുപൂജ, റാസ മുതലായവകളും മററു പള്ളിക്കടുത്ത കർമ്മങ്ങളും നടത്തിയിരുന്നു. വഞ്ചിയും അതിനുവേണ്ട അനുസാരികളും ഇല്ലായ്കയാൽ മഹാബുദ്ധിമുട്ടോടുകൂടെ എല്ലാ ഇടങ്ങളിലും ധർമ്മത്തിന്നായി യാത്ര ചെയ്തിരുന്നു. വേലയുടെ നടപ്പിന്നുവേണ്ടി വെററില, പാക്കു, കൂട്ടുവാനുള്ളതു, കുറെ നെല്ലു മുതലായതുകൂടെയും മേടിച്ചു വരുമാറായിരുന്നു. ഇതിനാൽ ഈ പുണ്യകാര്യത്തിന്റെ നടപ്പിന്നുവേണ്ടി തന്റെ അവസ്ഥയെ വിട്ടുകൊണ്ടു കാട്ടിയ എളിമയും, ക്ഷമയും അനുഭവിച്ച ബുദ്ധിമുട്ടുകളും കഴിച്ച യാത്രകളും എന്തുമാത്രമെന്നു വിവരിക്കാവതല്ല.

ഇങ്ങനെ മഹാപ്രയാസത്തോടുകൂടെ ഈ കൊവേന്തയുടെ വടക്കോട്ടുള്ള മുറിയും തീത്തു പള്ളിയുടെ പണിയും നടത്തി വരുമ്പോഠം പദർവാദ പ്രമാണിച്ചു ശീസ്മ ഉണ്ടായ സമയം തെക്കേദിക്കുകഠംക്കു ദലഗാത്തായിരുന്ന പ്രെ. ബണ്ണദീനോസു് മൂപ്പച്ചനോടുകൂടെ കൊല്ലം, കോട്ടാർ മുതലായ ദിക്കുകളിലേക്കു പോകണമെന്നു എ. പെ. പെ. ബ. പ്രംസീസ്സ് ശൌര്യാർ മെത്രാനച്ചന്റെ കല്പന വരികയാൽ ഈ കൊവേന്തക്കാര്യം സർവതും നടത്തിവരുന്ന ആളിനെ മാററിയാൽ ഈ വേല വീഴുമെന്നും ഇല്ലാതാകുന്നതിനുള്ള സൂത്രം ഇതായിരിക്കുന്നു എന്നും ഇതു ശത്രുക്കളുടെ വേലയാകുന്നുവെന്നും ആകയാൽ സങ്കടം ബോധിപ്പിക്കണമെന്നും എല്ലാവരും മുട്ടിച്ചാറെയും ഇതു ദൈവ കല്പനയെന്നും ദൈവതിരുമനസ്സുപോലെ ആകട്ടെ എന്നും പറഞ്ഞുകൊണ്ടു യാത്ര പുറപ്പെട്ടു. വലിയ യുദ്ധകാലത്തിൽ കന്യാകുമാരിവരെയും പോയി ചെയ്ത വേലകളും വിരോധികളാൽ ഉണ്ടായ ഞെരുക്കങ്ങളും ബുദ്ധിമുട്ടുകളും നടന്ന വഴികളും ആയതിനാൽ തിരുസ്സഭയ്ക്കു ഉണ്ടായ ഉപകാരങ്ങളും എത്രയും അധിക

മായിരിക്കുന്നു. ഈ യാത്രയിൽ പടാത്ഥയാലും ഗ്ഗുണദോഷങ്ങളാലും മററും വളരെ ജ്ഞാനപ്രയോജനം ആയിടങ്ങളിൽ ചെയ്കയും പദർവാദ വികാരി ആയിരുന്ന ഒരു പട്ടക്കാരൻ ളുദവിക്കോസ് മെത്രാനച്ചൻ ആ പള്ളി എടുത്താറെ ഏതാനും ജനങ്ങളോടുകൂടെ ഇറങ്ങാതെ ആപള്ളിയിൽ ഇരിക്കയാൽ ആ ദേഹത്തിനു്മഹറോൻ ചൊല്ലിയാറെയും അടങ്ങാതെ ചൊല്ലി വരികയാൽ ബഹു കലാപമായി നിർവ്വാഹമില്ലാതെ വിമ്മിഷ്ടപ്പെട്ടിരിക്കുമ്പോൾ താൻ ചെന്നു ഗ്ഗുണദോഷിച്ചു, അപ്പോൾ തന്നെ ആ ദേഹത്തെ ഇറക്കി സ്വദേശത്തേക്കു് അയച്ചു. ഇങ്ങനെ പല വിശേഷ സംഗതികളും നടന്നിട്ടുണ്ടു്. ഇതിനാൽ അന്നാംവരെയും കൊവേന്തക്കാരുടെ മേൽ സന്തോഷം കാണിക്കാതിരുന്ന പ്രംസീസ്സോസ് ശൌര്യാർ മെത്രാപ്പോലീത്താച്ചനു ഞങ്ങളുടെ കൂട്ടത്തിന്മേലും വേലകളിന്മേലും സന്തോഷമായി.

ഏറെക്കുറെ രണ്ടു വർഷത്തോളം ബുദ്ധിമുട്ടിയതിനാലും പ്രമേഹ ശരീരമായിരുന്നതിനാലും സ്വസ്ഥാനം മുഴവനും നീങ്ങി. ആ ചടപ്പോടെ ബേസ്റൌമ്മായിൽ വന്നുചേൻ്നു. മുൻപോലെ തൻെറ ഭാരങ്ങളൊക്കെയും ചുമന്നുകൊണ്ടു കൊവേന്തചട്ടങ്ങൾ ഒന്നു് പുത്തനാക്കി. ആ കാലത്തിൽ തോപ്പിലച്ചനും വന്നു. കൊവേന്തയ്ക്കായിട്ടു വന്നു് സെമിനാരിയിൽ പഠിച്ചു വരുന്നവരെ ആ കൂട്ടത്തിൽനിന്നു വേർതിരിച്ചു അവക്കും ചില ക്രമചട്ടങ്ങൾ കൊടുത്തു. ഇതിനാൽ ചില വിരോധികൾ ഉണ്ടാകാതിരുന്നില്ല. ഇങ്ങനെ എല്ലാ കാര്യങ്ങളും നടന്നു വരികയിൽ എല്ലാററിലും തൻെറ പിതാവും സഖിയുമായിരിക്കുന്ന പെ. ബ. പള്ളിപ്പുറത്തു തോമ്മാ മല്പാനച്ചനു ദീനം വദ്ധിച്ചു. എല്ലാവരും കൂടി വേണ്ടിയതെല്ലാം നിറവേററി. കൂദാശകളും കൈക്കൊണ്ടു 1841-ാം കാലം മകരമാസം 16-ാംനു- മരിക്കയാൽ തൻെറ ചുമടിൻെറ ഭാരം കൂടുകയും തനിക്കു ശരീരസൗഖ്യവും ഇല്ലാതായി തീരുകയും ചെയ്തു. ഇതിനാൽ ഏററവും വ്യസനിച്ചു എങ്കിലും ദൈവതിരുമനസ്സിനു കീഴ്വഴങ്ങി തൻെറ ശരണമെല്ലാം ദൈവത്തിൽ വച്ചു് കവറടക്കത്തിന്നുള്ള പ്രസംഗവും താൻ പറഞ്ഞിട്ടു് ബേസ്റൌമ്മായിൽ വന്നു ചേൻ്നു.

അനന്തരം, പണി ഇത്രയും ഒക്കെ ആയല്ലൊ, ചെലവിനായി യാതൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ കർബാനയ്ക്കായി വസ്തുവെയ്ക്കണം. അങ്ങനെ ഒരു നടപ്പു ഉണ്ടാക്കണം എന്നു പെരുമാലിൽ തരകൻ, അനുജൻ കൊച്ചുപോത്തൻ മാപ്പിള ഇവരുമായി ആലോചിക്കയാൽ അവരുതന്നെ ഒന്നാമതായി

വെള്ളയും ദൈവാനുഗ്രഹത്താൽ ആ വഴി തെളിഞ്ഞു പലരും കുർബാനയ്ക്കു വെള്ളയും ചെയ്തു.

പെ. പെ. ബ. മെത്രാപ്പാലീത്താച്ചനും ഇവരുടെ മേൽ പ്രിയം അധികരിച്ചു. കൽദായസുറിയാനിക്കൂട്ടത്തിൻെറ തലവന്മാരും മല്പാന്മാരും പരീക്ഷക്കാരുമെന്നു് വിശേഷ താല്പര്യത്താൽ ഇവക്കു് പസ്തേന്തി കൊടുത്തു. ബ. കാഞ്ഞിരപ്പള്ളി ഇടവകക്കാരൻ പുത്തമ്പുരയിൽ കുഞ്ഞാക്കോ മല്പാനച്ചൻ മദ്രാസ് മുതലായ ദേശങ്ങളൊക്കെയും നടന്നു, കടശിയായി വന്നുചേൎന്നു, പ്രിയോരു ചാവറ അച്ചനും എല്ലാം കൊണ്ടും എല്ലായിടത്തും എല്ലാവരുടെ പക്കലും ശ്രുതിപെട്ടിരുന്നു. ഇദ്ദേഹം മലയാളഭാഷയിൽ പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിനു് അത്യന്തം ബുദ്ധിമുട്ടി ആ വേല നടത്തി. ഇതിന്നു തോപ്പിൽ ഇക്കോച്ചൻ ഏററവും സഹായിച്ചിരുന്നു.

1843-ാം കാലം ബ.അച്ചൻ ശ്രു. കുർബാനയുടെ റാസയും ചൊല്ലി പടാത്ഥയും പറഞ്ഞു. പിറേറ ദിവസം മുതൽ പ്രമേഹം പെട്ടെന്നു വദ്ധിച്ചു. വൃശ്ചികമാസംവരെയും അധികംഗിനമായി വദ്ധിച്ചിരുന്നു. ഇതിനിടയിൽ ദൈവസ്തുതിയേയും ആത്മോപകാരത്തേയും ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്ന ഈ വേല ശുദ്ധ. പള്ളി കൈക്കൊണ്ടു് ഈ അപേക്ഷ നിറവേററിത്തരണമെന്നു അപേക്ഷിച്ചുകൊണ്ടു തങ്ങളെല്ലാവരെയും ഈ സ്ഥലത്തെയും മല. വികാരി അ. ആയ ളുദവിക്കോസു് മെത്രാനച്ചനെ ഏല്പിക്കുകയും സന്തോഷത്തോടെ ഭരമേല്പയും സമസ്തകാര്യങ്ങളും പ്രിയോരച്ചനെ ഏല്പിക്കുകയും ചെയ്തുകൊണ്ടു മരണത്തിനു് വിശേഷ ആസ്ഥപ്പാടു കൂട്ടിയിരുന്നു. വൈദ്യനെ കാണ്മാനായി കല്ലൂക്കാട്ടുപോയി അവിടെ കുറെനാൾ താമസിക്കയിൽ ഒരു ദിവസം ധനു 27-ാംനു- രാത്രിയിൽ വിശേഷാൽ വായുവിൻെറ ഇളക്കവും ക്ഷീണവും കാണുകയാൽ ക്ലലിപ്പുരയ്ക്കൽ ബ. മത്തായിക്കത്തനാരു കുമ്പസാരിപ്പിക്കുകയും യാത്രപ്രകാരമായി എൻെറ കയ്യാൽ ശുദ്ധ. കുർബാനയും എല്ലാ പട്ടക്കാരും ഉണ്ടായിരിക്കെ ഒടുക്കത്തെ ഒപ്രുശ്രുമായും കൈക്കൊണ്ടു പ്രിയോരച്ചനും സമീപമുള്ള പള്ളിക്കാരും വന്നുകണ്ടു. വൈദ്യനുമായി ആലോചിച്ചാറെ മുൻപറഞ്ഞു ബോധിച്ചിരിക്കുന്നതിൻവണ്ണം കൊവേന്തയ്ക്കു പോകുവാൻ സമയമായിരിക്കുന്നു. ചെന്നു ചേരുന്നതിനകത്തു യാതൊരു ഭയത്തിനും ഇടയില്ല എന്നു പറഞ്ഞു. പ്രത്യേക ദൈവസഹായത്താൽ ഏഴന്നേററു പുരയുടെ വാതുക്കൽ ചെന്നു് അമ്മയോടും മററും യാത്ര പറഞ്ഞു ക്രമംപോലെ കയ്യും മുത്തി, യാതൊരു പകർച്ചയും കാണിക്കാതെ വഞ്ചിയിൽ കയറി. അന്നേദിവസം തന്നെ

ഞങ്ങളെല്ലാവരും സൌഖ്യത്തോടെ മാന്നാനത്തിൽ വന്നുചേർന്നു. പിറെറദിവസം കുറെ ആശ്വാസം തോന്നി. ഒരു ദിവസം കുമ്പസാരിച്ചു ശുദ്ധ. കുർബാന കൈക്കൊണ്ടു. വെന്തീഞ്ഞിന്റെ ദോഷപൊറുതി കൈക്കൊള്ളുകയും താൻ ചൊല്ലുവാനുള്ളതൊക്കയും താൻ തന്നെ ചൊല്ലുകയും ചെയ്തു. പിന്നെ മറെറാരു ദിവസം ശുദ്ധ. കുർബാന കൈക്കൊണ്ടു സൂപ്പ്ലേശും ഇട്ടു മുട്ടിന്മേൽനിന്നുകൊണ്ട് എല്ലാവരുമായി മരണനേരത്തു ചൊല്ലുന്ന വഴിക്കാലായും അതിന്റെ അപേക്ഷകളും നിറവേററി കർത്താവിന്റെ വരവിനെ പാർത്തിരുന്നു. തന്റെ സ്നേഹിക്കപ്പെട്ട സഖിയായ പ്രിയോരച്ചനുമായി എല്ലാ ആസ്ഥപ്പാടും ചെയ്തിരിക്കയിൽ എട്ടാം തീയതി വ്യാഴാഴ്ച പകൽ ഒടുക്കത്തെ യാമത്തിൽ മരണവായു തുടങ്ങി. സന്ധ്യാസമയത്തിൽ കുമ്പസാരിച്ചു. വ്യസനങ്ങൾ ഒക്കെയും എത്രയും ക്ഷമയോടെ സഹിച്ചിരുന്നു. ആ സമയത്തിന്നടുത്ത സുകൃതജപങ്ങളും ചൊല്ലിയിരുന്നു. ബ. തോപ്പിലച്ചൻ കൂടക്കൂടെ ചൊല്ലിക്കൊടുക്കയും, സമീപെ ആസ്ഥമാക്കിയിരുന്ന സ്വരൂപങ്ങളെ മുത്തുകയും സൂക്ഷിക്കുകയും ചെയ്തിരുന്നു. മഹാ വ്യസനമായിരിക്കുന്നു, വ്യസനം കൂടിവരുന്നു എന്നല്ലാതെ സഹിപ്പാൻ വഹിയാത്ത പ്രകാരം കാഴ്ചക്കാർക്കു തോന്നിയിരുന്നില്ല. ഒരു കൂട്ടം തനിക്കായി പള്ളിയിൽ അപേക്ഷിച്ചിരുന്നു.

ഇങ്ങനെയിരിക്കെ എല്ലാവരും നില്ക്കയിൽ പെട്ടെന്നു് താൻ ഒന്നു പകന്ന്എത്ര മണി ആയി എന്നു ചോദിച്ചു. പന്ത്രണ്ടു മണി ആയിരിക്കുന്നു എന്നു പറഞ്ഞയുടൻ ഞാൻ അനുഭവിക്കുന്ന സങ്കടങ്ങൾ പ്രായശ്ചിത്തമായി നിശ്ചയിച്ചുകൊണ്ട് എന്റെ ദോഷങ്ങൾ പോക്കിക്കൊള്ളണം എന്നു പറഞ്ഞുകൊണ്ടു മുട്ടിന്മേൽ താൻ ഇരിക്കുംവണ്ണം കട്ടിലേൽ ഒരുവൻ താങ്ങിക്കൊണ്ടിരിക്കുമ്പോൾ കയ്യെടുത്തു ചേർച്ചയായിട്ടു കുരിശുവരച്ചു. തൂങ്ങപ്പെട്ട രൂപം മേടിച്ചു അഞ്ചു മുറിവുകളേയും മുത്തി പ്രാത്ഥിച്ചു. ദേവമാതാവിന്റെ സ്വരൂപവും സാവധാനത്തിൽ ഭക്തിയാൽ മുത്തിക്കൊടുത്തയുടൻ തലചായിച്ചു മിണ്ടടങ്ങി. മരണസമയം എന്നു തോന്നി ഞങ്ങളെല്ലാവരും ദോഷംപോക്കി റശ്മാ കൊടുത്തു, അത്രയും നേരംകൊണ്ടു മരിച്ചു. ഇത്രയും ഇട വേർതിരിവായിട്ടുണ്ടായിരുന്നു. ഇപ്രകാരം നാല്പത്താറാമത്തെ വയസ്സിൽ പരാക്രമവേലയുടെ സമ്മാനം കൈക്കൊള്ളുവാനായി 1846 -ാം കാലം മകരമാസം 8-ാംനു- വ്യാഴാഴ്ച 12 മണി രാത്രിയിൽ ഈ ലോകം വിട്ടുപിരിഞ്ഞു.

പിറെറ ദിവസം 9-ാം നു- വെള്ളിയാഴ്ച അന്നത്തെ മര്യാദയ്ക്കു തക്കവണ്ണം ഘോഷത്തോടുകൂടെ റാസയും ഒപ്പീസും പാടി

മദ്ബഹായുടെ അഴിക്കു താഴെ നടുവിൽ ഈ ദേവാലയത്തിൽ ഒന്നാമതായിട്ടും പ്രിയോരച്ചൻ മുതലായ സഹോദരരും ഏറിയ പട്ടക്കാരും ശമ്മാശ്ശുന്മാരും ബഹുജനങ്ങളും കൂടിയിരിക്കയിൽ കൂടെ. കുറിയാക്കോസ് ഏലീശാ എന്ന ഞാൻ ശേഷക്രിയ കഴിച്ചു കബറടക്കം ചെയ്തു. മററുള്ള ക്രമങ്ങളും പതിവുപോലെ അവിടെ നടത്തി. ഇവിടെ നിന്നായിട്ടും സ്നേഹിതരിൽ നിന്നായിട്ടും വീട്ടുകാരിൽ നിന്നായിട്ടും ഏററെക്കുറെ നാല്പത്താറു റാസ ചൊല്ലി. ഇതിനും പുറമെ വീട്ടുകാരുടെയും ഇടവകക്കാരുടെയും താല്പര്യത്തിന്മേൽ മുപ്പതിന്റെ മുറയിൽ ഘോഷമായ ഒരു ശേഷക്രിയ വീട്ടിലും നടത്തി.

എന്നാൽ ഈ ഭാഗ്യപ്പെട്ട ആത്മത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നേഹവും അതിൽനിന്നു പുറപ്പെട്ട പരസ്നേഹവും അതുവഴിയായിട്ടു ചെയ്തുവന്നിരുന്ന പരാക്രമപുണ്യജീവിതവും ദൈവസ്തുതിക്കായിട്ടും പരോപകാരത്തിനായിട്ടും ആരംഭിച്ച ദർശനമഠവും ഇതിന്റെ നടപ്പിനായി വേലകളും ബുദ്ധിമുട്ടുകളും, സങ്കടങ്ങളും, നടന്ന വഴികളും, ചെയ്ത അപേക്ഷകളും എന്തുമാത്രം എന്നു സംക്ഷേപിക്കാൻ പ്രയാസംതന്നെ. എങ്കിലും അല്പമായി ചിലതുകളെ കാണിക്കുന്നു. തന്റെ തപസ്സ് പുത്തൻകുർബാന ചൊല്ലിയ മുതൽ, കാലത്തെ പള്ളിയിൽ പോയി കുർബാന കാണുന്നു, നമസ്കാരങ്ങളും കുർബാനയും കഴിഞ്ഞു കഞ്ഞി കുടിക്കുമ്പോഠം ഉച്ചയായിരിക്കും. ഞായറാഴ്ച, പെരുന്നാഠം ദിവസത്തിൽ കുർബാനയും പടാത്ഥയും നമസ്കാരവും കഴിഞ്ഞു കഞ്ഞികുടിക്കുമ്പോഠം ഒന്നര, രണ്ടു മണിയായിരിക്കും. ഈ കൊവേന്തയ്ക്കു കല്ലിട്ടുകൊണ്ടു് പെ. ബ. മെത്രാനച്ചനെ യാത്രയാക്കിക്കൊണ്ടു് അതിരമ്പുഴ പള്ളിയിൽ പോയി കർബാന ചൊല്ലി മുട്ടിന്മേൽ നിൽക്കുന്നതിന്മേൽ വിസ്മയം തന്നെ. റാസ എങ്കിൽ മുഴവനും, പതിനഞ്ചു രഹസ്യമെങ്കിൽ അതും മുട്ടിന്മേൽ നിന്നുകൊണ്ടു് എത്തിച്ചിരുന്നു. രാത്രിയിൽ എല്ലാവരും കിടന്നാലും മേശയിന്മേൽ കൈ കുത്തിക്കൊണ്ടു് ഏറിയനേരം നമസ്കരിച്ചിരുന്നു. ഉറക്കൊഴിച്ചിൽ സൂക്ഷിച്ചാൽ എത്രരാവു് ചെന്നു കിടക്കുന്നു.

ക. നി. മൂ. സഭക്കാരുടെ അടിസ്ഥാനക്കാരനും
ഒന്നാമത്തെ പ്രിയോരുമായ ചാവറ
പെ. ബ. കുറിയാക്കോസ് മല്പാനച്ചൻെറ

# ചരിത്രം

(പെ. ബ. പ്രി. കുറിയാക്കോസ് അച്ചനാൽ എഴുതപ്പെട്ടതു്.)

1871-ാം കാലം മകരമാസം 3-ാം നു- കാലത്തു $7\frac{1}{2}$ മണിക്കു് മലയാളത്തിൽ പുത്തനായി സ്ഥാപിച്ച കർമ്മലീത്താദിസ്ക്കാറംസു് മൂന്നാം സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരും മലയാളത്തിൻെറ മല്പാനും വികാരി ജനറാളും ആയ കുറിയാക്കോസ് ഏലിയാ ദ്' ത്തുഹമ്മാ കന്തീശാ, എന്ന ഞങ്ങളുടെ പിതാവു് ആദിത്യൻ ലോകത്തിൽ ഉദിച്ചു പ്രദക്ഷണം ചെയ്തുകൊണ്ടു ഭൂമിയിൽ നിന്നു ഇരുളിനെ നീക്കി പ്രകാശം വരുത്തിക്കൊണ്ടു അതിൻെറ ഉള്ളിൽ പൊൻ വെള്ളി മുതലായ പഞ്ചലോകങ്ങളേയും മലകളുടെ ഉള്ളിൽ വൈരം, വൈഡൂര്യം മുതലായ രത്നങ്ങളെയും കടലിൽ മുത്തു, പവിഴം മുതലായതുകളേയും വിളയിച്ചു എല്ലാ ജീവപ്പോരുറംകറംക്കും വളച്ച്യും കൊടുത്തുകൊണ്ടു അസ്തമിക്കുന്നതുപോലെ.ഈ പിതാവു് ജ്ഞാനസൂര്യനായും ഈ ദേശത്തിൽ 1804-ാം കാലം കുംഭമാസത്തിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ അധികാരത്തിൽ ഉറംപ്പെട്ട ചേന്നങ്കരിൽ മാർ യൌസേപ്പു പിതാവിൻ പള്ളി ഇടവകയിലെ ചാവറക്കുടുംബത്തിൽ ഗുണശീലമുള്ള മാതാപിതാക്കന്മാരിൽ നിന്നു പിറന്നു.

പൈതൽ പ്രായത്തിൽ തന്നെ തമ്പുരാനും മനുഷ്യർക്കും പ്രസാദിപ്പാൻ തക്കവണ്ണമുള്ള എളിമയും സാധുഗുണവും അടക്കവും ഭക്തിയും ബുദ്ധിവിശേഷവും വചനസാമർത്ഥ്യവും തന്നിൽ പ്രകാശിച്ചു കാൺകയാൽ, ഈ ദേശത്തിലുണ്ടായിരിക്കുന്ന വിശേഷതകളൊക്കെയ്ക്കും കാരണക്കാരനായി ഒരു ജ്ഞാനദീപം പോലെ വിളങ്ങി പ്രകാശിച്ചിരുന്നു. ഞങ്ങളുടെ മുൻ ശ്രേഷ്ഠൻ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻെറ പക്കൽ പള്ളിപ്പുറത്തു സെമിനാരിയിൽ പഠിപ്പിക്കുന്നതിനായി ആ സെമിനാരിയിലുണ്ടായിരുന്ന കൂട്ടരായശേഷം സഹോദരന്മാരൊക്കയും, അവർതന്നെ സാക്ഷിക്കുന്നതുപോലെ, വിസ്മയിച്ചാചരിച്ചു സ്നേഹിപ്പാൻ തക്കതിൻവണ്ണം, ദൈവഭക്തിയിലും സാധുശീലത്തിലും, എളിമ, കീഴ്വഴക്കത്തിലും, സഹോദര

പ്രിയത്തിലും വിശേഷ മാതൃകയായി ജീവിച്ചു. മഹാ സൂക്ഷ വുംകുററപ്പെടുത്തലും ശിക്ഷയുമുണ്ടായിരുന്ന പുത്തനായ ആ സെമിനാരിയിൽ ഏറിയ സഹോദരന്മാരോടുകൂടെ ഏറിയ കാലം ജീവിച്ചാറെയും ഒരു കുററപ്പാടുണ്ടായതായിട്ടു അറിവില്ലാ. ഇതിനും പുറമെ ഈ ദേഹത്തിൻെറ സ്വഭാവഗുണവും ഉത്സാഹവും ബുദ്ധിസാമത്ഥ്യവും നിമിത്തം സുറിയാനി മുതലായ പേച്ചുകൾ നല്ലവണ്ണം അഭ്യസിച്ചു. ഇവയൊക്കെകൊണ്ടും മല്പാനച്ചനു വളരെ സ്നേഹവും സമ്മതവുമായിരുന്നതിനാൽ മററു സ്ഥലങ്ങളിലും അയച്ചു പോർത്തുഗീസ്, ലത്തീൻ ഭാഷകളേയും പഠിപ്പിച്ചു. അക്കാലത്തിൽ പൂർവ്വം മുതൽ എത്തിച്ചുവന്ന പെരുന്നാൾ നമസ്ക്കാരവും മാഞ്ഞു പോകുവാൻ തക്ക സ്ഥിതിയിലായിരുന്നു. ഇതിനാൽ പുത്തനായിട്ടു നടത്തുവാൻ തക്കവണ്ണം മല്പാനച്ചനോടുകൂടെ പലയിടങ്ങളിൽ നിന്നും പുസ്തകങ്ങൾ വരുത്തുകയും പ്രയാസപ്പെട്ടു എഴുതിയുണ്ടാക്കുകയും ക്രമങ്ങളൊക്കെയും അഭ്യസിക്കയും ചെയ്തിരുന്നു.

സെമിനാരിയിൽ പഠിച്ചിരുന്ന കാലത്തുതന്നെ അപ്പനും അമ്മയും ഉണ്ടായിരുന്ന ഒരു ജ്യേഷ്ഠനും മരിച്ചു പോയതിനാൽ ജ്യേഷ്ഠത്തിയും ഒരു പെൺപൈതലുമായി വീടു ശേഷിച്ചു. ഇതിനാൽ ഉണ്ടായ സങ്കടങ്ങളൊക്കയും ദൈവതിരുമനസ്സിന്നു കീഴ്വഴങ്ങിക്കൊണ്ടു സഹിക്കയും കാരണവന്മാരിൽ നിന്നു പഠിച്ചപോലെ ദേവമാതാവിന്നു അടിമയായിതന്നെ കയ്യാളിക്കയും മാതാവിൻെറ നേരെ വിശേഷ ഭക്തിക്കാരനാകയും ചെയ്തു.

തനിക്കു പതിമ്മൂന്നു വയസ്സായിരിക്കയിൽ അകാലത്തിലെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ എ. പെ. പെ. ബ. പത്രോസ് ദെൽക്കാന്തര മെത്രാനച്ചൻെറ കയ്യാലെ ആസ്തപ്പാടു ഏററു. പിന്നീടു ക്രമപ്രകാരം ചെറിയ പട്ടങ്ങളും കൂദാശപട്ടങ്ങളും ഏററതിൻെറ ശേഷം 1829-ാം കാലം വൃശ്ചിക മാസത്തിൽ പ്രേ. എ. പെ പെ.ബ. വികാരി അപ്പസ്തോലിക്കയായ മൌരലേ്യാസ് മെത്രാനച്ചൻെറ കയ്യാൽ കുർബ്ബാനപ്പട്ടം ഏററു, ആ മാസത്തിൽതന്നെ അന്നത്തെ മര്യാദപോലെ ചേ.നങ്കരിപ്പള്ളിയിൽ പുത്തൻകുർബ്ബാന ചൊല്ലി.

പുത്തൻ കുർബ്ബാന ചൊല്ലിയതിൻെറശേഷവും പള്ളിപ്പുറത്തു തോമ്മാ മല്പാനച്ചൻെറ ഗുണദോഷത്തിൻ പ്രകാരം നടന്നു. പല പള്ളികളിലും ആ കാലങ്ങളിൽ അപൂർവ്വമായിരുന്ന പടാത്ഥ പറകയും, ആത്മരക്ഷയേക്കുറിച്ചുള്ള മറേറാരോരൊ വേലകളെ വിശേഷ താല്പര്യത്തോടെ ചെയ്കയും ചെയ്തുവരികയും പുളിങ്കുന്നു ഇടവകയിൽ ജനങ്ങളുടെ അപേക്ഷ

പ്രകാരം മുഴവൻധ്യാനം കഴിച്ചു. അതിന്നു കൂടിയവർക്കൊക്കെയ്ക്കും വിശേഷ അലിവും ഫലവുമുണ്ടായി എന്നു് ഇപ്പോഴും അതിന്റെ ഒർമ്മയുള്ളവർ സാക്ഷിക്കുന്നു.

മല്പാനച്ചന്റെയും പോരുക്കര മല്പാനച്ചന്റെയും ആഗ്രഹപ്രകാരം കൊവേന്തയ്ക്കു സ്ഥലം അന്വേഷിക്കുന്നതിനു പൊറോം മുതലായ സ്ഥലങ്ങളിൽ വളരെ ബുദ്ധിമുട്ടോടുകൂടെ സ്ഥലം അന്വേഷിക്കയും, കടശി ഏററുമാന്നൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലൻകണ്ണാമുകൾ എന്ന ഈ കുന്നും കണ്ടെത്തി. അതിൽ പള്ളിയും വീടും വയ്ക്കുന്നതിനു അനുവാദവും വന്നു. അതിന്റെ ശേഷം വീടും നാടും മുതലായ ലോകപ്രപഞ്ചങ്ങളെ ഉപേക്ഷിച്ചു ധർമ്മമിരന്നു പൊതു നന്മയ്ക്കായിട്ടു ദർശനഭാവം ഉണ്ടാക്കിക്കൊണ്ടു് അതിൽ പാൎത്തു ദൈവശുശ്രൂഷയിൽ കാലം കഴിക്കണമെന്നു നിശ്ചയിച്ചു ഉറച്ചുകൊണ്ടു് വെട്ടിത്തെളിച്ചു തൽക്കാലമായി ചെറുതായ ഒരു കപ്പേളയും ചെററപ്പുരയായിട്ടു് ഒരു വാസസ്ഥലവും ഉണ്ടാക്കുന്നതിനു് ഉത്സാഹിച്ചു. ദൈവസഹായത്താൽ ക്ഷണംകൊണ്ടു കപ്പേളയും * മുറിയും ഉണ്ടാക്കി. 1831-ാം കാലം ഉയിർപ്പിന്റെ ശേഷമുള്ള മൂന്നാം ഞായറാഴ്ച ശുദ്ധ. മാർ യൊസേപ്പു പിതാവിന്റെ പെരുന്നാൾ ഒന്നാമതായിട്ടു (ആയാണ്ടു അമ്പതാം പൊരുന്നാളിൽ) ഘോഷിച്ചു. ആ ! സർവേശ്വരാ ! അവരു ചെയ്തുവന്നിരുന്ന പ്രവൃത്തികളെ ഓർക്കുമ്പോൾ ഇപ്പോൾ ഞങ്ങൾ നാണിക്കുന്നു. ഇടവിടാതെ നമസ്കരിക്കയും, ധ്യാനിക്കയും ഏറിയനേരം ഉറക്കമൊഴിഞ്ഞിരിക്കയും, കാണുന്നവരു ഭക്തിയുടെ ആധിക്യത്താൽ കരയുവാൻ തക്കതിൻവണ്ണമുള്ള ഭക്തിയോടെ ദിവ്യപൂജ അണയ്ക്കുയും ചെയ്തിരുന്നു. ഞായറാഴ്ച, പെരുന്നാളുകളിലും മററും, എല്ലായിടങ്ങളിലും ചെന്നുകൊണ്ടു ജ്ഞാന പ്രസംഗങ്ങളാലും, ഇടവിടാതെയുള്ള ഗുണദോഷങ്ങളാലും ഈ ദേശങ്ങളെ ഇളക്കി ജ്ഞാന ഇരുളിനെ നീക്കി ദൈവവെളിവിനെ വരുത്തുകയും എത്രയും വലിയ ബുദ്ധിമുട്ടോടുകൂടെയും എളിമയോടുകൂടെയും ഓരോത്തരുടെ പക്കൽ ചെന്നു, കിട്ടുന്നതിനെ സന്തോഷത്തോടെ വാങ്ങിക്കൊണ്ടു പണികൾ നടത്തുകയും ചെയ്തിരുന്നു.

ഇങ്ങനെ പണികൾ ഒക്കെയും നടത്തിവരുന്ന കാലത്തു എ. പെ. പെ. ബ. മെത്രാനച്ചന്റെ കല്പനയാൽ പള്ളിപ്പുറത്തു് ഇടവകയിൽ വികാരിയായി പോകുന്നതിനു ഇടയായി.

---

* ഈ സ്ഥലത്തു് ഇപ്പോൾ ഒരു വിചിത്ര കപ്പേള പണിയപ്പെട്ടിരിക്കുന്നു.

മഹാ കീഴ്‌വഴക്കത്തോടുകൂടെ മാന്നാനം വിട്ട് പള്ളിപ്പുറത്തുപോയി. ആ ജോലി ഇടവകക്കാരുടെ ആത്മഗുണത്തോടുകൂടെ എത്രയും താൽപര്യമായി നടത്തിവന്നു പള്ളിയുടെ വെടിപ്പിന്മേലും ക്രമത്തിന്മേലും അത്യന്തം താൽപര്യമായിരുന്നു. ഒരു ദിവസം വസൂരി ദീനം മഹാ കഠിനമായി പിടിച്ച ഒരാളിനെ കാൺമാൻ പോയപ്പോഠം അതിൻെറ യോഗ്യംകൊണ്ടു പോകണ്ട എന്നു പറഞ്ഞിരുന്ന ആളുകളോട് "ഇതെൻെറ കടം തമ്പുരാൻ എന്നെ സഹായിക്കും'' എന്നുത്തരിച്ചുകൊണ്ടു പോയി വേണ്ടുന്ന കൂദാശകളൊക്കയും കൊടുത്തതുമല്ലാതെ നല്ല ഗുണദോഷങ്ങളെ ചൊല്ലിക്കൊടുക്കയും നല്ലമരണം പ്രാപിക്കാൻ സഹായിക്കയും ചെയ്തു.

1833-ാം കാലം മേടമാസത്തിൽ പള്ളിപ്പുറത്തു വികാരിത്വം ഒഴിഞ്ഞു, ഏററം താൽപര്യത്തോടുകൂടെ കൊവേന്ത പണിയുടെ വേല നടത്തി പാർത്തുതുടങ്ങി. ഇതിന്മണ്ണം പുറമേ ആത്മാവുകളുടെ രക്ഷയെ അന്വേഷിച്ചുകൊണ്ടും നമസ്കാരവും ധ്യാനവും വഴിയായിട്ടു സ്വന്ത ആത്മഗുണം അന്വേഷിച്ചുകൊണ്ടും എത്രയും ക്രമത്തോടും ദൈവപേടിയോടുംകൂടെ സന്ന്യാസജീവിതം കഴിച്ചുവന്നിരുന്നു. ഇതിനിടയിൽ ഞങ്ങളുടെ ഒന്നാമത്തെ ശ്രേഷ്ഠനും ക. നി. മൂ. സഭയുടെ ഒന്നാമത്തെ സ്ഥാപകനുമായ പാലയ്ക്കൽ തോമ്മാമല്പാനച്ചൻ 1841-ാം കാലം മകരമാസം 16-ാംനു-യും രണ്ടാമത്തെ ശ്രേഷ്ഠനും സ്ഥാപകനുമായ പോരൂക്കര തോമ്മാ മല്പാനച്ചൻ 1846-ാം കാലം മകരം 8-ാംനു-യും തുടങ്ങിയ വേലകളുടെ പൂർണ്ണതകഠം കാൺമാൻ ഇടവരാതെ, ചെയ്ത വേലകളുടെ സമ്മാനം കൈക്കൊള്ളുന്നതിനായി ദൈവത്തിൻ പക്കൽ പോയി. ഇവരിരുവരും പ്രിയോരച്ചനെ എല്ലാം ഏൽപ്പിച്ചുകൊണ്ടത്രെ മരിച്ചതു്. അവരുടെ ചരിത്രം പ്രിയോരച്ചൻ തന്നെ എഴുതിയിട്ടുണ്ടു്. ഈ വന്ദ്യപിതാക്കളുടെ മരണത്താലും ആരംഭിച്ചു നടത്തിവന്നിരുന്ന ഭാരപ്പെട്ട ഈ ചുമടു തൻെറ മേൽ വന്നിരുന്നതിനാലും എത്രയും വ്യാകുലപ്പെട്ടു എങ്കിലും, തൻെറ ഏററിക്കപ്പെട്ട എളിമയാൽ ദൈവത്തിന്മേലും, മാതാവിൻെറയും യൌസേപ്പുപിതാവിൻെറയും മദ്ധ്യസ്ഥത്തിന്മേലും ഉറച്ചുകൊണ്ടു, സ്വാഭാവികമായി തനിക്കുണ്ടായിരുന്ന സാധുഗുണത്തോടുകൂടെ തൻെറ മുന്നോരുടെ പിന്നടിയിൽ അവരുടെ ചുമടുകൊണ്ടു നടപ്പാൻ തുടങ്ങിയാറെ ഈശോബപ്പ്ത്സ്താൻ പറഞ്ഞൊപ്പിൻെറ നാട്ടിൽ ചെന്നുചേർന്നപോലെ, ജനസമ്മതവും വേണ്ടിയ ശരീര സൌഖ്യവും ഉള്ളവരായിട്ടും കൊവേന്തയ്ക്കായി പഠിച്ചുവന്നിരുന്നവരായിട്ടും പുറമെനിന്നു ചേൎന്നവരായിട്ടും വേണ്ടിയ സഹോദര

രു സഹായക്കാരായി ഉണ്ടായി. എല്ലായിടങ്ങളിലും നടന്നു ധ്യാനം കഴിക്കയും പ്രസംഗിക്കയും ചെയ്തുവന്നിരുന്നു. ഇതിനാൽ ജ്ഞാനവെളിവു് എല്ലായിടത്തും ഉണ്ടായതുമല്ലാതെ പണിക്കു വേണ്ടിയമുതൽ ധർമ്മമിരന്നു ലഭിച്ചു.

ഈ ദിക്കിലുള്ള അറിവു കുറഞ്ഞ ആളുകളുടെ ആത്മോപകാരത്തിനായി മുന്നേ താൻ ആരംഭിച്ചിരുന്ന വേല നിറവേററുന്നതിന്നു വേണ്ടി, ഈ ദിക്കിൽ കോട്ടയത്തു പ്രോട്ടസ്റ്റാണ്ടുകാർക്കല്ലാതെ മററാർക്കും അച്ചുക്കൂടമില്ലാതിരിക്കയും അവിടെയുള്ള പണികാം നോക്കി കണ്ടുമനസ്സിലാക്കുന്നതിനു അത്യന്തം പ്രയാസപ്പെട്ടിട്ടും സാധിക്കാതെയും വന്നുവെങ്കിലും, തൻെറ അസാമാന്യ ബുദ്ധിസാമർത്ഥ്യത്താലും മഹാത്മ്യതയാലും അച്ചടിവേലയും നടപ്പാക്കി.

തൻെറ മുന്നോരുടെ ആഗ്രഹത്തിനും അപേക്ഷയ്ക്കും തക്കവണ്ണം റേഗുള ന്യായപ്രമാണം ശുദ്ധ പള്ളിയുടെ ക്രമത്തിനൊത്തവണ്ണം, ഉണ്ടാക്കി ഈ സഭയെ ഉറപ്പിച്ചു തരുന്നതിനായി പലപ്പോഴും പലപ്രകാരത്തിലും മേല്പട്ടക്കാരുടെ പക്കൽ അപേക്ഷിച്ചു. അക്കാലത്തിൽ വരാപ്പുഴ വാണിരുന്ന പെ. ബ. ബർണ്ണർദീനോസ് ദേസാന്ത് ത്രേസ്യാ എന്ന മെത്രാപ്പോലീത്താച്ചൻ ബേസ്റൗമ്മായുടെ ഈ കൂട്ടം വഴിയായി ഉണ്ടാകുന്ന ദൈവസ്തുതിയും ആത്മോപകാരവും കണ്ടു, പൂർണ്ണസന്തോഷമായി, ദൈവശുശ്രൂഷയിൽ കാലം കഴിപ്പാൻ ആസ്തമായി കൂടിയിരിക്കുന്ന ഞങ്ങൾക്കു പള്ളിയുടെ മര്യാദപോലെ ഒരു ജീവിതക്രമം തന്നു നടത്തണമെന്നു അപേക്ഷിക്കയാൽ സന്തോഷത്തോടെ കൈക്കൊണ്ടു കർമ്മലസഭയുടെ ''പൂർവ റേഗുള'' ദേശാവസ്ഥയ്ക്കു തക്കവണ്ണം പകർത്തി ക്രമപ്പെടുത്തി തന്നു. 1855–ാംകാലം ധനുവമാസം 8–ാംനു- അമലോത്ഭവ ദേവമാതാവിൻെറ തിരുനാൾ ദിവസത്തിൽ കുറിയാക്കോസ് മല്പാനച്ചനും മററു പത്തു പട്ടക്കാരും മാന്നാനത്തു കൊവേന്തയിൽ വച്ചു റേഗുള ന്യായപ്രമാണം കൈക്കൊണ്ടു, അതിൻപ്രകാരം പറഞ്ഞൊപ്പു ചെയ്തു. കുറിയാക്കോസു മല്പാനച്ചനെ പ്രിയോരായി നിയമിക്കയും, ഇവരുടെ സഭയ്ക്കു കർമ്മലീത്താ ദിസ്കാൾസ് മൂന്നാം സഭ എന്ന നാമം നൽകുകയും ചെയ്തു. ഇങ്ങനെ ദൈവസഹായത്തിന്മേൽ ശരണപ്പെട്ടു കണ്ണുനീരുകളാൽ തുടങ്ങിയ ഈ വേല 24-ാം വർഷത്തിൽ ഈ പിതാവു വഴിയായി പൂർത്തിയായി.

ഇതിൻെറ ശേഷം തമ്പുരാൻെറ വീടായിരിക്കുന്ന കൊവേന്തയിലെ അടക്കമുള്ള ജീവിതത്താലും തമ്പുരാൻെറ തിരുവചനമെന്നുള്ള റേഗുള ന്യായപ്രമാണങ്ങളുടെ സൂക്ഷമുള്ള കാർപ്പാലും എളിമ, കീഴ്വഴക്കം, ദൈവസ്നേഹം, പരസ്നേഹം മുത

ലായ പുണ്യങ്ങളാലും പുണ്യസാംഗോപാംഗത്തിൻെറ ഉച്ചിയിൽ പറക്കയും ഉത്തമ പുണ്യദൃഷ്ടാന്തങ്ങളാലും ഗുണദോഷങ്ങളാലും ശേഷംപേരെയും പുണ്യവഴിയിൽ ഉത്സാഹിപ്പിക്കയും ചെയ്തിരുന്നു. ഇതിനും പുറമെ മെത്രാപ്പോലിത്താച്ചൻെറയും മററു മൂപ്പച്ചന്മാരുടെയും സഹായത്താലും കൂനമ്മാവുങ്കൽ രണ്ടാമതായും, വാഴക്കുളത്തു മൂന്നാമതായും, എൽത്തുരുത്തിൽ നാലാമതായും, പുളിങ്കുന്നിൽ അഞ്ചാമതായും, അമ്പഴക്കാട്ട ആറാമതായും ആറു കൊവേന്തകൾ ഉണ്ടാകയും ആയവകളിൽ പുണ്യത്തിലും അറിവിലും അറിയിപ്പിലും ആത്മരക്ഷയിലുള്ള ശുഷ്ക്കാന്തിയിലും ഭരിപ്പിലും ശ്രുതിപെട്ട അനേക സന്യാസികളും പുത്തൻ സന്യാസികളും ഉണ്ടാകയും ചെയ്തു.

തിരുവചനത്താലെ ഇട്ട വലയിൽ അകപ്പെട്ട മത്സ്യത്തിൻെറ പെരുപ്പത്താൽ വലിച്ചെടുപ്പാൻ പാടില്ലായ്കയാൽ 'കൂട്ടരെ സഹായത്തിനു വിളിച്ചതുപോലെ, ഈ സഹോദരന്മാരു് ആയിരവും രണ്ടായിരവും അയ്യായിരവും അതിലധികവും ജനങ്ങളുള്ള ഇടവകകളിൽ ചെന്നു മേല്പട്ടക്കാരൻെറ കല്പനയാൽ ചെയ്തുവരുന്ന ധ്യാനത്താലും, പടാത്ത വേദോപദേശങ്ങളാലും, കുമ്പസാരത്താലും നരകപിശാചിൻെറ രാജ്യഭാരത്തെ മുഴുവനും നിർമ്മൂലമാക്കി നിത്യായുസ്സിനായി മനുഷ്യരെ വീശി എടുത്തിരുന്നു ഇതിനാലുണ്ടായ ദൈവസ്തുതിയും ആത്മരക്ഷയും മേല്പട്ടക്കാരും വികാരിമാരും ഇടവകക്കാരും കണ്ടു സന്തോഷിക്കയും ദൈവത്തിന്നു ഉപകാരസ്മരണ ചെയ്കയും, ഈ നന്മകളുടെ അധിക വദ്ധിപ്പിനുവേണ്ടി പല സ്ഥലങ്ങളിലും കൊവേന്തകളുണ്ടാക്കുന്നതിനു അപേക്ഷിക്കയും ചെന്നു കാണുകയും ആലോചിക്കയും ആരംഭിക്കയും ചെയ്തിരുന്നു.

1861–ാം കാലം ഒമ്പതാം പീയൂസെന്ന ശുദ്ധ. മാർപ്പാപ്പായുടെ യാതോരധികാരവും കൂടാതെ തോമ്മാ എന്നു പേരു ധരിച്ചുകൊണ്ടു റോക്കോസ് എന്നു പേരുള്ള ഒരു സുറിയാനി മെത്രാൻ ബാഗ്ദാദിൽനിന്നും മലയാളത്തു വന്നു. പ്രിയോരച്ചൻ ശീശ്മ മെത്രാൻെറയും മററു പലരുടെയും വിളികളും അപേക്ഷകളും അവരു ചെയ്യുമെന്നു പറഞ്ഞിരുന്ന മറുതലകളും കൂട്ടാക്കാതെ ചൊവ്വുള്ള മേല്പട്ടക്കാരനു കീഴ്വഴങ്ങി നിലനിന്നു. ആ കൊടുങ്കാററുള്ള കാലങ്ങളിൽ സുറിയാനിപ്പള്ളികളുടെ വികാരി ജനറാളെന്നുള്ള ഉയന്ന സ്ഥാനവും പ്രിയോരച്ചനു നൾകി. അക്കാലത്തിൽ ശീശ്മയുടെ പാതാളത്തിൽ വീഴാതിരിപ്പാൻ എത്രയോ ആളുകളെ സഹായിച്ചു എന്നും എത്രയോ പള്ളികളെ ശീശ്മയിൽനിന്നു തൻെറ ജനസമ്മതത്താലും, വാഗ്വൈഭവത്താലും, പുണ്യസ്ഥിരതയാലും രക്ഷിച്ചുവെന്നും ആ കാലത്തി

ൻെറ ഓൎമ്മയുള്ളവരൊക്കയും വേണ്ടുംവണ്ണം ഗ്രഹിച്ചിരിക്കുന്ന സത്യമായിരിക്കുന്നു. ജലപ്രളയത്തിൽ നോഹിൻെറ പെട്ടകം ഇല്ലായിരുന്നു എന്നു വരികിൽ യാതൊരു മനുഷ്യരും രക്ഷപെടാതിരുന്നേനെ എന്നപോലെ പ്രിയോരച്ചനും ഈ സഭയും ഇല്ലായിരുന്നു എന്നു വരികിൽ, എല്ലാ സുറിയാനി പള്ളികളും ശീശ്മയിൽ ഉൾപ്പെട്ടുപോകുമായിരുന്നേനെ എന്നു ന്യായത്തോടുകൂടെ വിചാരിക്കാവുന്നതായിരിക്കുന്നു. ഈ സംഗതികളൊക്കയും ഭാഗ്യമായി വാഴുന്ന 9-ാം പീയൂസെന്ന ശുദ്ധ. മാർപ്പാപ്പാ കേട്ടു അത്യന്തം സന്തോഷിക്കയും ഒരു തിരുവെഴുത്തു പ്രിയോരച്ചൻെറ പേൎക്ക എഴുതി അയയ്ക്കുകയും ചെയ്തു.

സുറിയാനി നമസ്ക്കാരപ്പുസ്തകവും ഓരോരൊ പള്ളികളിൽ പലവിധമായിട്ടും പല വ്യത്യാസമായിട്ടും നടപ്പായിരിക്കയാൽ എല്ലായിടത്തും ഒന്നിപ്പും ഒരു ക്രമവും ഉണ്ടാകുവാൻവേണ്ടി നമ്മുടെ പ്രിയോരച്ചൻ എ. പെ. പെ. ബ. വികാരിഅപ്പസ്തോലിക്കായുടെ കല്പനപ്രകാരം പലയിടത്തിൽ നിന്നും ഇവിടെനിന്നും പൂൎവ്വപുസ്തകങ്ങളൊക്കെയും അന്വേഷിച്ചു വരുത്തുകയും പല മല്പാനച്ചന്മാരെയും കൂട്ടമായി കൂനമ്മാവുങ്കൽ കൂട്ടുകയും വ്യത്യാസങ്ങളൊക്കെയും തീൎക്കയും ചെയ്തതിൻെറശേഷം എത്രയും പ്രയാസത്തോടുകൂടെ ഇദ്ദേഹത്തിൻെറ കയ്യെഴുത്താലെതന്നെ വെടിപ്പായിട്ടും ക്രമമായിട്ടും നമസ്ക്കാരപ്പുസ്തകം മുഴുവനും എഴുതിയുണ്ടാക്കി.

തുക്കാസ എന്ന സുറിയാനി ക്രമപ്പുസ്തകവും എഴുതിയുണ്ടാക്കി. സുറിയാനിക്രമ പഞ്ചാംഗവും താൻ തന്നെ ഉണ്ടാക്കി. മല്പാനച്ചൻ ഇവിടെ അച്ചടിച്ചു നടത്തി. ഇതു കൂടാതെ മൂന്നു പട്ടക്കാരുടെ സ്തുപസ്സു കുർബ്ബാനയുടെയും ബേസ്പര എന്ന പാട്ടു റംശായുടെയും മരിച്ചവരെക്കുറിച്ചുള്ള അന്നീദായുടെയും മററും പല ക്രമങ്ങളും എത്രയും വിവേകത്തോടുകൂടെ എഴുതിയുണ്ടാക്കയും ചെയ്കയുമല്ലാതെ പരോപകാരത്തിനുവേണ്ടി മലയാള ഭാഷയിൽ പല പൎവ്വങ്ങളും കവിതകളും കൊവേന്തയുടെ നാളാഗമവും ഇതിൻെറ അടിസ്ഥാനക്കാരായിരിക്കുന്ന രണ്ടു പിതാക്കളുടെ ചരിത്രവും റോക്കോസ് മെത്രാനാൽ ഉണ്ടായ ശീശ്മകാലത്തിലെ സംഭവങ്ങളും എഴുതി ഉണ്ടാക്കയും ചെയ്തു.

1864-ാം കാലം മേല്പട്ടക്കാരൻെറ കല്പനയ്ക്കു നല്ല മനസ്സോടെ കീഴ്‌വഴങ്ങി താൻ ചെറുപ്പംമുതൽ മുൻപറഞ്ഞിരിക്കുന്നതുപോലെ താൻ പണിയിച്ചു ഭരിച്ചു നടത്തി ഏറിയ ഗുണങ്ങൾ ചെയ്തിരുന്ന മാന്നാനത്തിൽനിന്നു കൂന

മ്മാവു കൊവേന്തയിൽ പോയി പാർത്തു. അവിടെവച്ചു പ്രത്യേകമായിട്ടു മലയാളത്തിലെ പെൺപൈതങ്ങാംക്ക ഒരു പുണ്യസങ്കേതമായി വേദകാര്യങ്ങളെ പഠിക്കുന്നതിന്നും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിന്നും ഒരു കന്ന്യാസ്ത്രീമഠം ഉണ്ടാക്കണമെന്നു ആഗ്രഹിച്ചു. സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് അതിന്നുള്ള അടിസ്ഥാനക്കാരരായിട്ടു ആസ്തമായിരുന്നവരെ കൈക്കൊണ്ടു, തൽക്കാലം പരമ്പുകൊണ്ടു വീടുണ്ടാക്കി പാപ്പിച്ചു. അതിൻെറ ശേഷം, അത്ഭുതമേ! എട്ടുമാസത്തിൻെറ ഇടകൊണ്ടു എണ്ണായിരം രൂപാവരെയും പല വഴിയായി ധർമ്മം വരുത്തി കന്യാസ്ത്രീമഠവും അതിന്നു വേണ്ടുന്നതൊക്കെയും ഉണ്ടാക്കി അതിൽ അവരെ പാർപ്പിക്കുകയും അവരുടെ അടക്കജീവിതവും പുണ്യവും കണ്ടു സന്തോഷിച്ചു് അവരെ പറഞ്ഞൊപ്പു ചെയ്യിക്കയും, കടശി ശുദ്ധ. കുർബ്ബാന അവരുടെ കപ്പേളയിൽ സ്ഥാപിക്കയും ചെയ്തു. യാക്കോബു പിതാവു കടശിപുത്രനായ ബെന്യാമിനെ അധികം സ്നേഹിച്ചതുപോലെ അവരെ ഏററമായി സ്നേഹിക്കയും തള്ള മക്കളെ വളർത്തുന്നതുപോലെ അവരെ വളർത്തി പരിപാലിച്ചു വരികയും ചെയ്തുവന്നിരുന്നു. സഹോദര പ്രിയമെന്ന പുണ്യത്താലെ തൻെറ ജന്മദേശമായ ചേന്നങ്കരിയിൽ ഒരു ധർമ്മശാല ഉണ്ടാക്കയും അതിൽ പാവപ്പെട്ടവരെ പാർപ്പിക്കയും ''നൽമരണസഭ'' എന്ന സഹോദരക്കൂട്ടത്തെയും അതിന്നുള്ള ക്രമചട്ടങ്ങളെയും അവക്കു കൊടുത്തു നടത്തിവരികയും ചെയ്തു.

റോമ്മയിൽ നിന്നു കാനോനാ നമസ്കാരപ്പുസ്തകം അന്നത്തെ കാലസ്ഥിതിക്കു് അച്ചടിച്ചു വരുവാൻ പ്രയാസമെന്നു കണ്ടു, കുനമ്മാവുങ്കൽ അടിപ്പിക്കാമെന്നു നിശ്ചയിച്ചു പുസ്തകവിലയായിട്ടു പട്ടക്കാരിൽ നിന്നും ശമ്മാശ്ശന്മാരിൽ നിന്നും പണം മുമ്പേറായിട്ടു വാങ്ങിച്ചതിനാലും മാന്നാനത്തിൽ നിന്നുള്ള സഹായത്താലും അവിടെയും സുറിയാനി, മലയാളം, ലത്തീൻ അച്ചടിപ്പുണ്ടാക്കിക്കൊണ്ടു മസ്മോറാ അടിപ്പിക്കയും, നമസ്കാരം അടിപ്പിക്കുന്നതിനുള്ള അനുവാദത്തിന്നു കാത്തിരിക്കയും ചെയ്തു. ഈ ദേഹത്തിൻെറ ജീവിതകാലം മുഴവനിലും ശുദ്ധ. കുർബാനയുടെമേലുള്ള ഭക്തി ശോഭിച്ചു വിളങ്ങിയിരുന്നു. കുർബാന ചൊല്ലുന്ന നേരത്തിൽ മഹാ സൂക്ഷവും ഭക്തിയും അടക്കവുമായി എത്രയും ഉയരപ്പെട്ട ഈ കൂദാശയുടെ നേരെ എത്രദയാ വണക്കവും വിശ്വാസവുമായിരുന്നുവെന്നു കാണുന്നവക്കൊക്കെയ്ക്കും ബോദ്ധ്യമായ കാര്യമായിരുന്നു. ക്രമം പോലെയുള്ള വിസീത്തയല്ലാതെ ദിവസവും ഏറിയ നേരം ശുദ്ധ. കുർബാനയുടെ തിരുമുമ്പാകെ മുട്ടുകുത്തി എത്രയും

എരിവോടുകൂടെ നമസ്കരിച്ചു വന്നിരുന്നു. പരിശുദ്ധ ദേവമാതാവിന്റെ നേരെ മകന്നടുത്ത പ്രിയവും സ്നേഹവുമായി കൂടെക്കൂടെ തന്റെ സ്തുതികളെ പറകയും കാണുന്നവരുടെ ഹൃദയത്തിൽ ഈ വിശേഷഭക്തിയെ പതിപ്പാൻ പ്രയാസപ്പെടുകയും ചെയ്തിരുന്നു.

എന്നാൽ കുറെനാളായിട്ടു തന്റെ മരണം അടുത്തിരിക്കുന്നുവെന്നുള്ള ഒരു വിശേഷഅറിവാൽ എല്ലായ്പ്പോഴും നല്ല മരണത്തിന്നു ആസ്ഥപ്പാടു ചെയ്തിരുന്നു. തനിക്കു മഹാക്ഷീണമായി, കുർബാന കഴിഞ്ഞു തന്റെ മുറിയിൽ ചെന്നുചേരുവാൻകൂടെയും പ്രയാസമായിരുന്നു എങ്കിലും മഹാ ധൈര്യത്തോടെയും ഭക്തിപ്പൂടുത്ത എരിവോടെയും നിത്യവും ദിവ്യപൂജ കാലത്തു 5 മണിക്കു അണച്ചിരുന്നു.

മരണത്തിന്മേൽ കൂടെക്കൂടെ വിചാരമായിരുന്നു. ആ ഭയങ്കരപ്പെട്ട നേരത്തിലുണ്ടാകുന്ന പരിഭ്രമങ്ങളും പരീക്ഷകളും ജയിക്കുന്നതിന്നു് അമ്മയെന്നു വിളിച്ചിരുന്ന ദൈവമാതാവിന്റെ അനുഗ്രഹവും ദയയും ഓക്കുകയും എത്രയും ഭക്തിയും സ്നേഹവുമായി വന്ദിച്ചിരുന്ന യൌസേപ്പു പുണ്യപിതാവിന്റെ മദ്ധ്യസ്ഥവും സഹായവും വിചാരിക്കയും ചെയ്യുമ്പോഴും എത്രയും ശരണവും തെളിവുമായി സന്തോഷിച്ചിരുന്നു. ഈ തന്റെ ഉള്ളിലുള്ള ഭക്തിയും സ്നേഹവും നന്ദിവിചാരങ്ങളും പുറത്താക്കി തന്റെ ആത്മാശ്വാസത്തിന്നും ഭക്തിക്കുമായി ഒടുക്കത്തെ ദീനം പിടിക്കുന്നതിന്നു കുറെമുമ്പു് ആത്മാനുതാപമെന്നു പേരായിട്ടുള്ള തന്റെ ദിവ്യവിചാരങ്ങളെ പാട്ടായിട്ടു ഒരു ചെറിയ പുസ്തകം എഴുതിയുണ്ടാക്കി. ഇതിനിടയിൽ നമസ്കാരം അച്ചടിപ്പിക്കുന്നതിനുള്ള അനുവാദങ്ങളും മററും റോമ്മായിൽ നിന്നു വന്നതിനാൽ വളരെ സന്തോഷിച്ചു ദൈവത്തിനു് ഉപകാരസ്മരണ ചെയ്തു.

1870-ാം കാലം ദീനം കൂടുതലായി. എത്രയും മാണിക്യമുള്ള ആയുസ്സിനെ കാക്കുന്നതിനു പല വിധമായിട്ടു പലരാൽ പ്രയാസപ്പെട്ടുവെങ്കിലും ദൈവതിരുമനസ്സ് ഉടനെ ചെയ്ത വേലയ്ക്കു സമ്മാനം കൊടുക്കണമെന്നായിരുന്നു. ആകയാൽ മൂന്നു മാസത്തേക്കു ദീനത്തിന്റെ ദുഃഖങ്ങളും മുഴവനായ കാഴ്ചക്കേടും മഹാക്ഷമയോടും സന്തോഷത്തോടുംകൂടെ സഹിച്ചു. മേലാൽ തന്റെ പ്രിയ മക്കളായിരിക്കുന്ന എല്ലാം കൊവേന്തകളിലുമുള്ള സന്ന്യാസികളുടെ അറിവിനും നിത്യസൂക്ഷത്തിന്നുമായി അനേക താല്പര്യങ്ങളടങ്ങിയിരിക്കുന്ന മരണപത്രിക മുമ്പിനാൽ തന്റെ കയ്യാലെ എഴുതി കയ്യൊപ്പുവച്ചു, മരണത്തിന്റെശേഷം പെ.ബ.ലെയൊപ്പോൾദു് മൂപ്പച്ചന്റെ പക്കൽ

കൊടുക്കുന്നതിനായി തൻെറ ദീനത്തിൽ പിററാഴ്ച ചെയ്തിരുന്ന പുതു സ. ആഹാ. ലെയൊപ്പോൾദിൻെറ പക്കൽ ഏൽപ്പിച്ചു.

പെ. ബ. പീലിപ്പോസ് മൂപ്പച്ചനോട് ഒടുക്കത്തെ കുമ്പസാരവും കഴിച്ചു ആ ദേഹത്തിൻെറ കയ്യാൽ ശുദ്ധ. കുർബാന കൈക്കൊണ്ടു. 1871-ാം കാലം മകരമാസം 2-ാം നു- തിങ്കളാഴ്ച മൂന്നു മണിസമയത്തു പെ. ബ. ക്രൂനമ്മാവു വികാരി യൌസേപ്പച്ചൻെറ കയ്യാൽ നല്ല ഭക്തിയോടെ ഒടുക്കത്തെ ഒപ്രുശ്മായും ദോഷപൊറുതികളും കൈക്കൊണ്ടു് എത്രയും വിശേഷമായ ഭക്തിക്കടുത്ത വചനങ്ങളും നല്ല ഗുണദോഷങ്ങളും ചൊല്ലി മുഴവൻ ബോധ അറിവോടും, സമാധാനത്തോടുംകൂടെ 1871-ാം കാലം മകരമാസം 3-ാം നു- കാലത്തു് ഏഴര മണിക്കു ക്രൂനമ്മാവു കൊവേന്തയിൽ തൻെറ മക്കളുടെ കൈകളിൽ ദൈവസമാധാനത്തിൽ മരിച്ചു.

പറെറദിവസം കുറിയാക്കോസ് ഏലീശാ അച്ചൻ ശവസംസ്കാര കമ്മം നടത്തി, യൌസേപ്പു ത്രേസ്യാച്ചൻ റാസപാടി, കാപ്പിലച്ചൻ പ്രസംഗം പറഞ്ഞു. ഏറിയ പട്ടക്കാരും ജനങ്ങളും ഈ കമ്മത്തിനു കൂടിയിരുന്നു. അടക്കിയതു പള്ളിയുടെ മദ്ബഹായുടെ അഴിക്കു താഴെ മദ്ധ്യസ്ഥലത്താണ്.

ഈ ദേഹത്തിൻെറ അവശിഷ്ടങ്ങൾ ക്രൂനമ്മാവുങ്കൽ നിന്നും മാന്നാനത്തു കൊണ്ടുവന്നു് 1889 മെയ് 24-ാം നു- വെള്ളിയാഴ്ച കാലത്തു് എട്ടുമണിക്കു് ആഘോഷമായ റാസ, ഒപ്പീസ് ഈ തിരുകമ്മങ്ങളും, സന്ദർഭോചിതമായ ഒരു പ്രസംഗവും കഴിച്ചു മാന്നാനത്തു ആശ്രമദേവാലയത്തിൻെറ മദ്ബഹായുടെ അഴിക്കുതാഴെ തെക്കു വശത്തു ആഘോഷമായി സംസ്ക്കരിക്കപ്പെട്ടു. ഈ സന്ദർഭത്തിൽ, എല്ലാ കൊവേന്തകളുടെയും ശ്രേഷ്ഠന്മാരും, പല സന്ന്യാസ പട്ടക്കാരും ഇരുപതോളം ഇടവകപ്പട്ടക്കാരും വളരെ ജനങ്ങളും കൂടിയിരുന്നു.

ഇദ്ദേഹത്തിൻെറ വിശേഷമായ മരണം ആഗ്രഹിക്കുന്ന നാം അങ്ങെ വിശേഷമായ ജീവിതം കണ്ടു പഠിക്കാൻ പ്രയാസപ്പെടുക.

സമാപ്തം

ACHARYA PALACKAL JEEVAS KENDRAM
LIBRARY
18031
ALWAYE


# അനുക്രമണിക

## സഭാപിതാക്കളുടെ ചരിത്രം


| | | |
|---|---|---|
| | | പക്ഷം |
| 1. | മലയാളത്തിൽ ക.നി.മൂ. സഭയുടെ അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തു പള്ളി ഇടവകക്കാരൻ പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം. | 1 |
| 2. | ക.നി.മൂ.സഭയുടെ അടിസ്ഥാനക്കാരനും രണ്ടാമത്തെ ശ്രേഷ്ഠനുമായ കല്ലൂക്കാട്ടു പള്ളി ഇടവകക്കാരൻ പോരൂക്കര പെ. ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം. | 19 |
| 3. | ക. നി. മൂ. സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരുമായ ചാവറ പെ.ബ. കുറിയാക്കോസ് മല്പാനച്ചന്റെ ചരിത്രം. | 31 |


---


Printed and Published for the Proprieter,
by A. P. Mani
at St. Joseph's Press
Mannanam.



1871
1841
1846-7.

/255.7314
THO

# സ്ഥാപക
# പിതാക്കന്മാർ

Indic Digital Archive Foundation
gpura.org